

പുസ്തകം ൧൮. ലക്കം ൨

മകരം ൧൧൧൭

വിഷയവിവരം

ബാലമിത്രം

വരിസംഖ്യവിവരം

ഒരു കൊല്ലത്തേക്ക ഒരു പ്രതിക്ക വില

6 പ്രതികൾ (ഒരേ മേൽവിലാസത്തിൽ)					
12 പ്രതികൾ	,,	,,	,,		
25 പ്രതികൾ	,,	,,	,,	രൂപാ	15
50 പ്രതികൾ	,,	,,	,,	രൂപാ	25

വരിസംഖ്യ മുൻകൂറയയ്ക്കുകയോ, ആദ്യത്തെ ലക്കം തന്നെ വി. പി. അയയ്ക്കാൻ സമ്മതിക്കയോ ചെയ്യുന്നവക്കല്ലാതെ മാസിക അയയ്ക്കുന്നതല്ല. വി. പി. അയയ്ക്കുമ്പോൾ 4 അണ കൂടുതൽ തരേണ്ടി വരും.

സ്ഥിരം വരിക്കാരുടെ വരിസംഖ്യ എന്നു തീരുമെന്നു റാപ്പർ നോക്കിയാൽ മനസ്സിലാക്കാം. റാപ്പറിൽ ചേർത്തിരിക്കുന്ന തിയതി വരിസംഖ്യ തീരുന്ന തീയതിയാണ്. അന്നത്തേക്ക വരിസംഖ്യ അയച്ചുതരണം. അല്ലാത്തപക്ഷം അടുത്തലക്കം മാസിക 4 അണ കൂടുതൽ ചേർത്തു വി. പി. അയയ്ക്കുന്നതാണ്.

പുതിയ അപേക്ഷകൾ, മേൽവിലാസം മാറേറണ്ട വിവരം, വരിസംഖ്യ മുതലായവ മാനേജർ, ബാലമിത്രം, തിരുവല്ലാ, തിരുവിതാംകൂർ എന്ന മേൽവിലാസത്തിൽ അയയ്ക്കുക.

ബാലമിത്രം

പുസ്തകം ൰൭	മകരം 1117. ഫെബ്രുവരി 1942.	ലക്കം ൯

കവിതാന്വേഷണം

വിദ്വാൻ സി. ഐ. ഗോപാലപിള്ള എം. എ.

കുട്ടികളേ! നിങ്ങൾ പലപ്പോഴും നാടകവും സിനിമയും കാണാൻ പോയിട്ടുണ്ടാവുമെന്നു ഞാൻ വിചാരിക്കുന്നു. അങ്ങനെയുള്ള സന്ദർഭങ്ങളിൽ നിങ്ങൾക്കെന്തുത്സാഹമാണ്! ജോലികളെല്ലാം നേരത്തെ ചെയ്തുതീർത്തു ശുഭ്രവസ്ത്രം ധരിച്ചു നിങ്ങൾ സമയംതെറ്റാതെ കളിസ്ഥലത്തേക്കു പുറപ്പെട്ടിരിക്കും. തിരികെ പോന്നതിനുശേഷം നിങ്ങൾ കണ്ട കാഴ്ചയെപ്പറ്റി തമ്മിൽതമ്മിൽ ഓരോന്നു പറഞ്ഞു രസിച്ചിട്ടുണ്ടാവും. അതിന്റെ സ്മരണകൾ നിങ്ങളുടെ മനസ്സിൽ ഇപ്പോഴും നില്ക്കുന്നുണ്ടാവാം.

ഞാൻ നിങ്ങളെ മറ്റൊരു കാഴ്ചയ്ക്കായി ക്ഷണിക്കട്ടെയോ? നിങ്ങൾ എന്റെകൂടെ എങ്ങും വരണ്ട; വീട്ടിലിരുന്നാൽ മതി. എന്നാൽ നിങ്ങളുടെ മനസ്സ് എന്റെ വാക്കുകളോടൊന്നിച്ചു സഞ്ചരിക്കാൻ സന്നദ്ധമാകണം, അത്രമാത്രം. ഞാൻ നിങ്ങളെ കാണിക്കാൻ ഭാവിക്കുന്നതു നാടകമോ സിനിമയോപോലുള്ള ഒരു വസ്തുവല്ല. അതിന്റെ പേർ കവിത എന്നാണ്. നിങ്ങൾ ശ്രദ്ധയോടും വിശ്വാസത്തോടും എന്നെ അനുഗമിച്ചാൽ കവിതയുടെ മോഹനരൂപം അല്പാല്പമായി ഞാൻ കാണിച്ചുതരാം. നിങ്ങൾ നിശ്ചയമായും രസിക്കാതിരിക്കയില്ല. എന്നാൽ പൂർണ്ണമായി രസിക്കാൻ കുറെ കാലതാമസം വേണ്ടിവന്നേക്കും. അപ്പോൾ നാടകമോ, സിനിമയോ, സംഗീതമോ, ചിത്രമോ ഒന്നുംതന്നെ കവിതപോലെ രസിപ്പിക്കയില്ലെന്നു നിങ്ങൾക്കു ബോധപ്പെടും. നിങ്ങൾ പരമാനന്ദം അനുഭവിക്കും.

കവിത എന്ന വാക്കു നിങ്ങൾ പല പ്രാവശ്യവും കേട്ടിരിക്കാനിടയുണ്ട്. അതേപ്പറ്റി ഏതാണ്ടൊരു ബോധവും നിങ്ങൾക്കുണ്ടായിരിക്കും. "ബാലമിത്ര"ത്തിൽതന്നെ നിങ്ങൾ പല കവിതകളും വായിച്ചുകാണും. നിങ്ങളുടെ പാഠപുസ്തകങ്ങളിലും പല കവിതകൾ നിങ്ങൾ കണ്ടിരിക്കും. നിങ്ങളുടെ അദ്ധ്യാപകന്മാർ നിങ്ങളെ രസിപ്പിച്ചുമിരിക്കും. എന്നാൽ നിങ്ങൾക്കു തന്നെത്താൻ രസിക്കാനുള്ള കഴിവുണ്ടാകണം. അതു സാധിപ്പിക്കാനാണ് എന്റെ ശ്രമം.

"പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി
പൂക്കുന്നു തേന്മാവു പൂക്കുന്നശോകം"—ഈ

വരികൾ വായിക്കുമ്പോൾ നിങ്ങളുടെ മനസ്സിനു ഒരു വിരിവുണ്ടാകുന്നില്ലേ? ഈ വിരിവാണ് നിങ്ങൾ രസിക്കുന്നതിന്റെ അടയാളം. ഇതിനു മനോവികാസം എന്നു പേർ പറയും. ഇനിയും നോക്കുക.

"ഒന്നാം കുന്നിന്മേലൊന്നരക്കുന്നിന്മേ-
ലൊന്നല്ലോ മക്കമാർ പാല നട്ടു.
പാലയ്ക്കിലവന്നു, പൂവന്നു, കാവന്നു,
പാലയ്ക്കു നീർകൊട്ടു കാർകുഴലി."

ഇതു നിങ്ങൾ മുമ്പു കേട്ടിട്ടുണ്ടോ? ഇതു വായിക്കുമ്പോൾ എന്തു തോന്നുന്നു? ഒരു ചെടി നട്ടു, അതു നിലവന്നു, പൂവുണ്ടായി, കായ്ക്കുന്നതായും അതിനു വെള്ളം ഒഴിക്കാൻ ഒരു സ്ത്രീയോടു പറയുന്നതായും തോന്നുന്നില്ലേ? അതോടുകൂടി പാലപ്പൂവിന്റെ ഭംഗിയും വാസനയും നിങ്ങൾ അനുഭവിക്കുമ്പോലെ തോന്നുന്നില്ലേ? ആകപ്പാടെ നിങ്ങൾ രസിക്കുന്നില്ലേ?

ഒരുദാഹരണംകൂടി കാണിക്കാം. അതു നിങ്ങൾ പഠിച്ചുകാണണം. "ഓമനത്തിങ്കൾ കിടാവോ—നല്ല-കോമളത്താമരപ്പൂവോ" എന്നു തുടങ്ങുന്ന താരാട്ടാണതു്. അതു ചൊല്ലുമ്പോൾ

സുന്ദരങ്ങളായ പല വസ്തുക്കളും നിങ്ങളുടെ മുമ്പിൽ നിരന്നുനില്ക്കുമ്പോലെ തോന്നുന്നു. ചിലതിനു വർണ്ണഭംഗിയുണ്ട്, ചിലതു കർണ്ണത്തിനിമ്പം തരുന്നു, വേറെ ചിലതിനു മാധുര്യമുണ്ട്. ഇനിയും ചിലതു ശരീരം കുളിപ്പിക്കുമ്പോലെ തോന്നുന്നു. ഈ വസ്തുക്കളെയെല്ലാം മനോഹരപദങ്ങളെക്കൊണ്ടു കാണിച്ചിരിക്കുന്നു. ഈ താരാട്ടു മുഴുവൻ സുന്ദരമായിരിക്കുന്നു. സൌന്ദര്യത്തിന്റെ സങ്കേതമാണിതു്. സൌന്ദര്യത്തിൽ രസിക്കാത്ത മനുഷ്യൻ മൃഗതുല്യനാണു്. അത്തരക്കാരന്റെ ജീവിതം ഒരു ഭാരമായിരിക്കും. ഭക്ഷണം ശരീരത്തെ എന്നപോലെ സൌന്ദര്യബോധം മനുഷ്യമനസ്സിനെ പോഷിപ്പിക്കുന്നു.

മേൽക്കാണിച്ച മൂന്നുദാഹരണങ്ങളിലും കവിതയുടെ ഏകദേശരൂപം നിങ്ങൾ കണ്ടുകഴിഞ്ഞു. അതു അതിവ സുന്ദരമാകുന്നു. സുന്ദരവസ്തുക്കൾ, സുന്ദരചിന്തകൾ, സുന്ദരപദങ്ങൾ—ഇതെല്ലാം കവിതയിൽ അടങ്ങിയിരിക്കുന്നു.

കവിതയെ സൂക്ഷിച്ചു പരിശോധിക്കുമ്പോൾ ഇനിയും പല വിശേഷ ലക്ഷണങ്ങൾ കാണുമാൻ കഴിയും. അവയെപ്പററി ക്രമേണ പറഞ്ഞുകൊള്ളാം. ഇപ്പോൾ ഇത്രമാത്രം ധരിക്കുവിൻ. കവിത സുന്ദരവസ്തുക്കളെയും സുന്ദരചിന്തകളെയും സുന്ദരഭാഷയിൽ പ്രകാശിപ്പിക്കുന്നു.

(അഭ്യാസം)

നിങ്ങൾ പഠിച്ചിട്ടുള്ള മററു കവിതകൾ പരിശോധിച്ചു് അവയിലെ സുന്ദരാംശങ്ങൾ കണ്ടുപിടിക്കുവിൻ. സുന്ദരമല്ലാത്ത ഭാഗങ്ങളുണ്ടെന്നു തോന്നുന്നെങ്കിൽ അവയെ വേർതിരിക്കുവിൻ.

മാനത്തെ മിത്രങ്ങൾ

(ടി. കെ. ജോസഫ്, ബി. എ., എൽ. ടി.)

കുംഭമാസം ആദ്യം മുതൽ മാനത്തു നോക്കി കുറേ ഗ്രഹങ്ങളെയും നക്ഷത്രങ്ങളെയും നിങ്ങൾ കണ്ടുപിടിച്ചല്ലോ. അവ നിങ്ങളുടെ മിത്രങ്ങൾ. വേറേ പല മിത്രങ്ങളെയും കാണിച്ചുതരാം. ഇടവപ്പാതിക്കു മുൻപ് ഈ സ്നേഹിതന്മാരെയെല്ലാം വശമാക്കിക്കൊള്ളണം. പിന്നെ മഴക്കാറു കൊണ്ടു് ആകാശം തിരെ മറഞ്ഞുപോകുമല്ലോ. കുംഭമാസത്തിലേ മറഞ്ഞുതുടങ്ങി.

കുംഭത്തിൽ സമ്പാദിച്ച സ്നേഹിതന്മാരെ വീണ്ടും നോക്കുവിൻ. പടിഞ്ഞാറുനിന്നു തുടങ്ങാം. അവിടെ പെരുമീനിനെ (അതായതു് ശുക്രനെ, വെള്ളിയെ, **Venus**-നെ) നിങ്ങൾ സന്ധ്യയ്ക്കു കണ്ടോ? ഇല്ല. മകരം 12-ാംനു ഞാൻ കഴിഞ്ഞ ലേഖനം എഴുതിയതുമുതൽ 20-ാംനു വരെ അവനെ സന്ധ്യയ്ക്കു കാണാമായിരുന്നു. എന്നാൽ മകരം 20-ാംനു മുതൽ അവനെ വെളുപ്പിനു കണ്ടുതുടങ്ങി. (ബുധൻ ശുക്രന്റെ താഴെയുണ്ടു്).

മാസിക കിട്ടിയ കുംഭം ആദ്യം അവനെ നിങ്ങൾ പടിഞ്ഞാറു കണ്ടില്ല, വെളുപ്പിനു കിഴക്കാണു കണ്ടതു്. ഇനിയും കുറേ മാസത്തേക്കു വെളുപ്പിനു കാണാം. ഏറെ വെളുപ്പിനേ എഴുന്നേല്ക്കാൻ മടിയാണെങ്കിൽ അഞ്ചരയ്ക്കോ ആറിനോ എഴുന്നേല്ക്കരുതോ? അപ്പോൾ സൂര്യന്റെ മുന്നോടിയായി കിഴക്കു പ്രകാശിക്കുന്നതു പെരുമീനാണ്. എന്തു ശോഭ! ആ സ്നേഹിതനെക്കാണാനെങ്കിലും ഇനി അഞ്ചുമണിക്ക് ഉണരണം. മഴ തുടങ്ങിയാലും അവനെ വെളുപ്പിനു കാണാം. അത്ര ശോഭയാണ് അവനുള്ളതു്. എന്നും കാലത്ത് ആറുമണിക്കു നോക്കിയാൽ ഓരോ ദിവസം ചെല്ലുന്തോറും അവൻ കുറേശ്ശെ മേലോട്ടു കേറിക്കേറി വരുന്നെന്നു കണ്ടുപിടിക്കാം. ഒടുക്കം "ഏഴരനാഴിക വെളുപ്പിനു"—എത്ര മണിക്കെന്നു കണക്കു കൂട്ടുവിൻ—എഴുന്നേററു നോക്കിയാലും കിഴക്ക്, സൂര്യന്റെ വരവിനു വളരെ മുൻപുതന്നേ അവനെ കാണാം. അന്നു സൂര്യൻ ഉദിക്കുമ്പോഴത്തേക്ക് പെരുമീൻ വളരെ ഉയർന്നിരിക്കും. ഇപ്പോൾ അത്രവളരെ ഉയർന്നിട്ടില്ല. കുറേക്കഴിഞ്ഞു് അവൻ തിരിയെ ഇറങ്ങി വീണ്ടും സന്ധ്യയ്ക്കു കാണാറാകും.

കുംഭത്തിൽ കിട്ടിയ സ്നേഹിതന്മാരായി ചൊവ്വാ, ശനി, വ്യാഴം (**Mars, Saturn, Jupiter**; കുജൻ, മന്ദൻ, ബൃഹസ്പതി) എന്നീ ഗ്രഹങ്ങൾ (**planets**) കൂടെ ഉണ്ടല്ലോ. വെള്ളി (പെരുമീൻ, ശുക്രൻ) സ്ഥാനം മാറിയപോലെ ഇവർ മൂന്നു പേരും മാറിയെന്നു നിങ്ങൾ നേരത്തേ കണ്ടുപിടിച്ചുകാണും. മകരം 12-ാംനു മുൻപിലത്തെ ലേഖനം എഴുതിക്കൊണ്ടിരുന്നപ്പോൾ ചൊവ്വായും ശനിയും രോഹിണിനക്ഷത്രവും (**Alde-**

baran) ഒരേ ലയിനിലായിരുന്നല്ലോ. ഇപ്പോഴോ? ഇനിയും ആറരമണി മുതലോ ഏഴുമണി മുതലോ (സന്ധ്യകഴിഞ്ഞ്) സൂക്ഷിച്ചു നോക്കി ആ മൂന്നു ഗ്രഹങ്ങളുടെയും സ്ഥാനമാററങ്ങളുടെ മനസ്സിലാക്കുവിൻ. ചിലപ്പോൾ ചിലതു കിഴക്കോട്ടു മാറും, ചിലതു പടിഞ്ഞാറോട്ടു മാറും. കണ്ടമാനം മാറുകയല്ല, ചില നിയമങ്ങൾ അനുസരിച്ചാണ്. ആ നിയമങ്ങളെപ്പററി ഇപ്പോൾ ഒന്നും പറയുന്നില്ല. (ശനിക്കും ചൊവ്വായ്ക്കും അടുത്ത്, വടക്കുപടിഞ്ഞാറ്, കാർത്തിക കാണുന്നു എന്നറിയാമല്ലോ. കാർത്തികയ്ക്കും ചൊവ്വായ്ക്കും കിഴക്കു വ്യാഴം കാണാം).

II

ഇതുവരെപ്പറഞ്ഞ വെള്ളി, ശനി, ചൊവ്വാ, വ്യാഴം എന്നീ നാലു ഗ്രഹങ്ങളെപ്പോലെ ഭൂമിയും ഒരു ഗ്രഹമാണല്ലോ. അതുകൊണ്ട് അതും അങ്ങനെ സ്ഥാനം മാറുകയില്ലയോ എന്നു നിങ്ങൾ ചോദിച്ചേക്കാം. ശരി, മററു ഗ്രഹങ്ങളെപ്പോലെ ഭൂമിയും സൂര്യനു ചുററും പോകുന്നു, അവയെപ്പോലെ ദിവസംതോറും (അതേ, നിമിഷംതോറും) സ്ഥാനം മാറുകയും ചെയ്യുന്നു. നാം ഭൂമിയിലായതുകൊണ്ട് നമ്മളും അതിൻെറകൂടെ സ്ഥാനം മാറുന്നു, എങ്കിലും അതു നാം അറിയുന്നില്ല. എന്നാൽ സൂര്യൻ നമ്മെ നോക്കിക്കൊണ്ടിരിക്കുന്നു, നാം സെക്കൻഡുതോറും സ്ഥാനം മാറുന്നത് അവൻ കാണുകയും ചെയ്യുന്നു. പക്ഷേ നമ്മുടെ അറിവില്ലായ്മകൊണ്ടു നമുക്കു തോന്നുന്നത് നാം മാറുന്നില്ല, സൂര്യൻ മാറി മാറി മേടം, ഇടവം, മിഥുനം, കർക്കടകം, ചിങ്ങം, കന്നി മുതലായ 12 രാശികളും (നക്ഷത്രക്കൂട്ടങ്ങൾ) മുറയ്ക്ക് ഒരാണ്ടുകൊണ്ടു കടന്ന് കിഴക്കോട്ടു പോകുന്നു എന്നാണ്. ചക്കിനു ചുററും പോകുന്ന കാളയ്ക്ക് അതു മുന്നോട്ടു പോകുന്നു എന്നറിവാൻ വയ്യാതായാൽ എന്തു ബാധം വരും? ചക്കിനും കാളയ്ക്കും ചുററുമുള്ള മരങ്ങളുടെയും വീടുകളുടെയും ഇടയിൽക്കൂടെ ചക്ക് (സൂര്യൻ) സഞ്ചരിക്കുന്നു എന്നു കാളയ്ക്കു തോന്നും. മനുഷ്യൻ ഒരുവക കാളതന്നേ—കുറേ ബുദ്ധിയുള്ള മാട്.

III

ഇതുവരെപ്പറഞ്ഞ ഗ്രഹങ്ങളെപ്പോലെ നക്ഷത്രങ്ങളുടെയും നമ്മുടെയും ഇടയ്ക്കുകൂടെ ചന്ദ്രനും ദിവസംതോറും മാറിയതു ഞങ്ങൾ കണ്ടല്ലോ. അതുകൊണ്ട് അതും ഒരു ഗ്രഹമല്ലയോ എന്നു ചോദിച്ചേക്കാം. ചന്ദ്രൻ (തിങ്കൾ) സൂര്യനു ചുററും പോകുന്ന ഒരു ഗ്രഹമല്ല, ഭൂമിക്കു ചുററും പോകുന്ന ഒരു ഉപഗ്രഹം (satellite) ആകുന്നു എന്നറിഞ്ഞുകൊള്ളണം. ഇതുപോലെ ഉപഗ്രഹങ്ങൾ മററു ചില ഗ്രഹങ്ങൾക്കുമുണ്ട്. ഇതേവരെ സായിപ്പന്മാർ കുഴല്ക്കണ്ണാടിയിൽക്കൂടെയും മററുവിധത്തിലും കണ്ടുപിടിച്ച ഉപഗ്രഹങ്ങളുടെ എണ്ണം പറയാം. അത്ഭുതം തോന്നും.

1.	ബുധൻ	ഒന്നുമില്ല.
2.	വെള്ളി	,,
3.	ഭൂമി	1 (ചന്ദ്രൻ)
4.	ചൊവ്വാ	2 ഉപഗ്രഹങ്ങൾ
5.	വ്യാഴം	11 ,,
6.	ശനി	10 ,,
7.	യുറേനസ്	4 ,,
8.	നെപ്ററ്യൂൺ	1 ,,
9.	പ്ളൂട്ടോ	ഒന്നുമില്ല.

ഇനി പല ഗ്രഹങ്ങളും ഉപഗ്രഹങ്ങളും കണ്ടുപിടിക്കാനുണ്ട്.

ഗ്രഹങ്ങളുടെ നില നോക്കി ദോഷം വരും, ഗുണം വരും എന്നും മററും ഫലംപറയുന്ന ജ്യോത്സ്യന്മാർ അവരുടെ നവം ഗ്രഹങ്ങൾക്കും പുറമേയുള്ള ഇവയെപ്പററി സ്വപ്നത്തിൽപോലും അറിഞ്ഞിട്ടില്ല!

IV

ഗ്രഹങ്ങളെയും ഉപഗ്രഹങ്ങളെയുംപററി തല്ക്കാലം ഇത്രയും മതി. ഇനി നക്ഷത്രങ്ങളെ നോക്കാം. സൂര്യൻ ഒരു നക്ഷത്രമാണെന്നു നേരത്തേ പഠിച്ചല്ലോ. സന്ധ്യയ്ക്കു സൂര്യനെ നോക്കണം. അതിൻെറ ഭംഗി കാണാനല്ല, അതിൻെറ നില (സ്ഥാനം) അറിവാൻ. ഇതു കുംഭമാസം. അതുകൊണ്ട് സൂര്യൻ കുംഭംരാശിയിൽ നില്ക്കുന്നു. ഉദിക്കുമ്പോൾ നോക്കിയാലും കുംഭമാസത്തിൽ സൂര്യനെ കുംഭംരാശിയിൽതന്നേ കാണും. ഉച്ചയ്ക്കും മററു സമയത്തും അവിടെത്തന്നേ. അങ്ങനെ കുംഭമാസം അവസാനംവരെ സൂര്യൻ കുംഭംരാശിയിൽ തന്നേ.


പിന്നെ അവൻ മീനംരാശിയിൽ കേറും. മീനമാസം കഴിഞ്ഞ് മേടം 1-ാംനു- മേടംരാശിയിലോട്ടു സൂര്യൻ സംക്രമിക്കും (കടക്കും). ഇങ്ങനെ പോകുന്നതിനാണ് സംക്രമം, സംക്രാന്തി എന്നു പറയുന്നത്.

മേടം ഒന്നാമത്തെ രാശി എന്നാണു കണക്കാക്കിയിരിക്കുന്നത്. കാർത്തികനക്ഷത്രം മേടരാശിയിലെ ഒരു നക്ഷത്രമാണ്. കാർത്തികയെ നേ

രത്തേ നിങ്ങൾ കണ്ടുപിടിച്ചല്ലോ—കുരുകുരാ എന്ന് ഏഴു ചെറിയ നക്ഷത്രങ്ങൾ. "കോഴിയും കുഞ്ഞുങ്ങളും" എന്നാണ് മലയാളത്തിൽ ചിലർ കാർത്തികക്കൂട്ടത്തിനു പേരിട്ടിരിക്കുന്നത്. അശ്വതിയും ഭരണിയും കാർത്തികയുടെ കാൽഭാഗവും (അങ്ങനെ 2¼ നക്ഷത്രം) മേടം രാശി. "അശ്വതിയും ഭരണിയും കാർത്തികക്കാലും മേടക്കൂറ്" എന്നാണു പ്രമാണം. അതായത് മേടമാസത്തിൽ സൂര്യൻ അശ്വതിയിൽ കേറി, അതിനു കിഴക്കുള്ള ഭരണിനക്ഷത്രവും കടന്ന്, കാർത്തികയിലെത്തും. ഇതു മേടമാസത്തിന്റെ അവസാനമായിരുന്നെങ്കിൽ സൂര്യൻ കാർത്തികയോടടുത്തു നില്ക്കുമായിരുന്നു. അതായത് അസ്തമിക്കുമ്പോൾ കാർത്തികയും സൂര്യനും ഒന്നിച്ചു പടിഞ്ഞാറെ ചക്രവാളത്തിൽ നിൽക്കുന്നതു കാണാമായിരുന്നു. എന്നാൽ ഇതു കുംഭമാസമാണ്. അതുകൊണ്ട് സൂര്യനും കുംഭംരാശിയും ഒന്നിച്ചാണ് ഉദിക്കയും അസ്തമിക്കയും ചെയ്യുന്നത്. ഇപ്പോൾ സന്ധ്യയ്ക്കു പടിഞ്ഞാറെ ചക്രവാളത്തിൽ കുംഭവും സൂര്യനും. മേടംരാശിയിലെ കാർത്തികയോ? അതെവിടെ? അത് ഇപ്പോൾ സന്ധ്യയ്ക്കു സൂര്യന്റെ അടുക്കലെങ്ങുമല്ല, മിക്കവാറും നമ്മുടെ തലയ്ക്കു മുകളിലാണ്. കുംഭമാസവും മീനമാസവും മേടമാസത്തിലെ മൂന്നാഴ്ചയും കഴിഞ്ഞേ സൂര്യൻ മേടംരാശിയുടെ അവസാനത്തിലുള്ള കാർത്തികനക്ഷത്രത്തിലെത്തൂ. നോക്കിക്കൊള്ളണം.

V

ആകാശത്തു നാം ഇപ്പോൾ സന്ധ്യയ്ക്കു കാണുന്ന നക്ഷത്രങ്ങളിൽ ചിലതിന്റെ പടമാണ് താഴെക്കാണുന്നത്. ആദ്യത്തെ ലേഖനത്തിൽനിന്നു നിങ്ങൾ മാനത്തു കണ്ടുപിടിച്ച ഒറയൺ, സിറിയസ്, രോഹിണി, കാർത്തിക മുതലായവയിൽ വല്ലതും ഈ പടത്തിൽ കാണുന്നോ?



21, 22, 24, 23 : ഒറയണിന്റെ 4 മൂല ; 20-ന്റെ വലത്ത് മുഴക്കോല് ; 29: സിറിയസ് (മൃഗവ്യാധൻ) ; 27 : കാനൊവ്പസ് (അഗസ്ത്യൻ) * * * 30 : പ്രോസിയൺ ; 32-33 : പോലക്സ്, കാസ്റ്റർ എന്ന മിഥുനജോടി : 19 : കാപ്പെല്ലാ (ബ്രഹ്മഹൃദയം) * * * 15 ; രോഹിണി ; 34 : കാർത്തിക ; 3 : അശ്വതി.

3 മുതൽ 34 വരെ മേടംരാശി (അശ്വതി, ഭരണി, കാർത്തിക) ; 34, 14, 15, അതിനു കിഴക്കെ (താഴത്തെ) രണ്ടു നക്ഷത്രങ്ങളും ഇടവംരാശി (കാർത്തിക, രോഹിണി, മകയിരം); ആ രണ്ടിനു താഴെമുതൽ 31 കടന്ന് 33-32 വരെ മിഥുനംരാശി (മകയിരം, തിരുവാതിര, പുണർതം).

പടത്തിന്റെ വടക്ക് വടക്കാക്കി, ഈ പെയിജ് മുഖത്തിനെതിരേ പിടിച്ചുകൊണ്ടു കിഴക്കോട്ടു തിരിഞ്ഞുനില്പിൻ. 70, 90 എന്നു വലത്തു ഭാഗത്ത് അക്കമിട്ടിരിക്കുന്ന വരകളുടെയും, മുകളിൽ 10, 10 എന്നക്കമിട്ടിരിക്കുന്ന വരകളുടെയും ഇടയ്ക്കു 21, 22, 24, 23 എന്നു നമ്പരിട്ടിരിക്കുന്ന നാലു നക്ഷത്രങ്ങൾ ഒട്ടു താഴെ കണ്ടോ? അവയുടെ നടുക്ക് ഒരു വരിയായി മൂന്നു നക്ഷത്രങ്ങളില്ലയോ? നാലും മൂന്നും കൂടിയ ഈ നക്ഷത്രഗണമേതാണ്? (ഇത് ഓറയൺ). മുഴക്കോലേതാണ്? (ആ മൂന്നു നക്ഷത്രങ്ങൾ).

ഈ ഓറയണിനെ തിരിച്ചറിഞ്ഞാൽ പിന്നെയുള്ളതു വേഗം കണ്ടുപിടിക്കാം. (ഗ്രഹങ്ങളോ സൂര്യനോ ചന്ദ്രനോ ഈ പടത്തിലില്ല) സിറിയസെവിടെ? 28-ഉം 29-ഉം ഇടയ്ക്കു 100 എന്നക്കമുള്ള വരയുടെ അരികിൽ അവനെ കാണുന്നു. അഗസ്ത്യൻ (കാനൊപ്പസ് — **Canopus**) ഈ പടത്തിൽ വന്നിട്ടുണ്ട്. 27-ാം നമ്പർ.

30, 32, 33 എന്നു നമ്പരിട്ടിരിക്കുന്ന വലിയ നക്ഷത്രങ്ങളെ മാനത്തു കണ്ടുപിടിക്കാമോ? പ്രയാസമില്ല. 30 പ്രോസിയോൺ (**Procyon**) ആണ്. അതിന്റെ അടുക്കൽ വടക്കുപടിഞ്ഞാറ് ഒരുമാറകലെ അല്പം ചെറിയ ഒരു നക്ഷത്രവും കാണുന്നു. രണ്ടുംകൂടെ ഒരു ജോടിയായി. ഈ പ്രോസിയൺ ജോടിക്കു വടക്കു വേറൊരു ജോടി കാണുന്നു — ഒരേ മുഴപ്പുള്ള രണ്ടെണ്ണം. 32-33 എന്നു നമ്പർ. ഇവയാണു നമ്മുടെ മിഥുനംരാശിയിലെ രണ്ടു പ്രധാന നക്ഷത്രങ്ങൾ. ഇംഗ്ലീഷിൽ 33-നു **Castor** എന്നും, 32-നു **Pollux** എന്നുമാണു പേര്. മിഥുനത്തിന് ആണും പെണ്ണും ഉൾപ്പെട്ട ഒരു ജോടി എന്നാണർത്ഥം.

VI

ഈ മിഥുനജോടിയിൽനിന്ന് രണ്ടു കഴുക്കോൽപ്പാട് (30—40 അടി) വടക്കുപടിഞ്ഞാറ് ഒരു വലിയ നക്ഷത്രവും, അതിനടുത്തുതന്നേ തെക്കുപടിഞ്ഞാറ് ഒരു നീണ്ട ത്രികോണംപോലെ മൂന്നു ചെറിയ നക്ഷത്രങ്ങളും കാണുന്നു. പടത്തിലെ 19. ഈ വലുതിനു കാപ്പെല്ലാ (**Capella**) എന്നാണു പേര്. പെണ്ണാട് എന്നർത്ഥം. പടത്തിൽ ഈ മൂന്നു ചെറിയ നക്ഷത്രങ്ങൾ കാണിച്ചിട്ടില്ല. അതിന്റെ കുട്ടികളാണുപോലും ഈ മൂന്നും. ഈ നാലിനുംകൂടെ ആടും കുട്ടികളും എന്നു പേരുണ്ട് (**Capella and the kids**). കാപ്പെല്ലായ്ക്ക് ആര്യന്മാർ ബ്രഹ്മഹൃദയം എന്നു പേരിട്ടിട്ടുണ്ട്.

പടത്തിലെ 15 രോഹിണിയും, 34 കാർത്തികയുമാണ്. മാനത്തും നോക്കുവിൻ. അശ്വതിയും ഭരണിയും കാർത്തികക്കാലും മേടക്കൂറ് എന്നു മുൻപു പറഞ്ഞതിലെ അശ്വതികൂടെ നമുക്കു കണ്ടുപിടിക്കാം. അതാണല്ലോ ഒന്നാമത്തെ നക്ഷത്രം. പടത്തിലെ 3 ആണ് അശ്വതി. ആകാശത്തു കണ്ടുപിടിപ്പിൻ. ഒരു വലിയ നക്ഷത്രവും അടുത്തുതന്നേ രണ്ടു ചെറിയവയും ചേർന്നാണ് അശ്വതിയാകുന്നത്. അശ്വതിക്കു കിഴക്കു ഭരണി. അതിൽ വലിയ നക്ഷത്രങ്ങളില്ല. അതുകൊണ്ടു വിട്ടുകളയാം. ഭരണി കഴിഞ്ഞ്, കിഴക്ക് കാർത്തിക (34-ാം നമ്പർ). കാർത്തികയ്ക്കും കിഴക്കു രോഹിണി (15-ാം നമ്പർ). ഇപ്പോൾ രോഹിണിക്കു വടക്കുകിഴക്ക് വ്യാഴം വളരെ ശോഭയോടെ നില്ക്കുന്നു. അവിടെനിന്ന് അതു മാറിപ്പോകും. പടത്തിൽ വ്യാഴമില്ല. രോഹിണിയും തെക്കുപടിഞ്ഞാറ് വേറേ നാലു ചെറിയ നക്ഷത്രങ്ങളും ചേർന്ന് നമ്മുടെ വിജയചിഹ്നമായ V ഉണ്ടായിരിക്കുന്നതു കാണുവിൻ. നമുക്കു വിജയം നിശ്ചയം.

കാർത്തിക മുക്കാലും രോഹിണി മുഴുവനും മകയിരം അരയും ആകെ രണ്ടേകാൽ നക്ഷത്രം കൂടിയതാണ് ഇടവംരാശി. മിഥുനംരാശി ഇടവത്തിനും കിഴക്കാണ്. അതിലെ രണ്ടു വലിയ നക്ഷത്രങ്ങൾ (32, 33) മുൻപേ കണ്ടല്ലോ. ആ ജോടിയിൽനിന്ന് ഓറയണിലോട്ടാണ് മിഥുനംരാശിയുടെ കിടപ്പ്. (അതായത് പടത്തിൽ 31 എന്ന അക്കത്തിന്റെ വഴിക്ക്). മിഥുനംരാശിക്കു കിഴക്കു കർക്കടകം. അതു പടത്തിലില്ല; ചിങ്ങംരാശി മുതലായവയും ഇല്ല. അവയെല്ലാം പിന്നെ കാണിക്കാം. മിഥുനത്തിലെ 32-33-ൽനിന്ന് 40 അടി കിഴക്കു കാണുന്ന വലിയ നക്ഷത്രക്കൂട്ടമാണ് ചിങ്ങംരാശി.

VII

ആകാശഗംഗ എന്നു കേട്ടിട്ടില്ലയോ? അതുകൂടെ കാണിക്കാം. അതു പടത്തിലില്ല. അതിന് ഇംഗ്ലീഷിൽ മിൽക്കി വേ (**Milky Way**) എന്നു പറയും. പാലാറ് എന്നു തർജ്ജമ ചെയ്യുകൊള്ളാം. കുറേപ്പാൽ ആകാശത്തു നെടുനീളെ തൂവിയപോലാണ് അതു കാണുന്നത്. പാലെന്നു തോന്നുന്നത് വളരെ വളരെ ദൂരെയുള്ള കോടി കോടി ചെറിയ നക്ഷത്രങ്ങളാണ്. മിഥുനത്തിനും ഓറയണിനും ഇടയ്ക്കുകൂടെയും, കാപ്പെല്ലായ്ക്കും രോഹിണിക്കും (19—15) ഇടയ്ക്കുകൂടെയും വടക്കുപടിഞ്ഞാറോട്ട് ആകാശഗംഗ വളരെ ദൂരം ഒഴു

കുന്നു. ഇപ്പോൾ (രാത്രി $10\frac{3}{4}$ മണി) ചന്ദ്രൻ കാർത്തികയിൽ നില്ക്കുന്നതു ഞാൻ കാണുന്നു. കുംഭം 11-ാംനു-യായ ഇന്ന് കാർത്തികനാൾ ആണെന്നു പഞ്ചാംഗത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. നല്ല നിലാവുവെട്ടം ഉള്ളതുകൊണ്ട് ആകാശത്തെ പാലാറു തെളിഞ്ഞു കാണുന്നില്ല. നല്ലവണ്ണം കാണണമെങ്കിൽ നല്ല ഇരുട്ടുള്ള രാത്രിയിൽ നോക്കണം. കുംഭം 19-ാംനു- വെളുത്തവാവാകുന്നു; അന്നു രാ മുഴുവൻ നിലാവു കാണും എന്നർത്ഥം. (അന്നു ചന്ദ്രഗ്രഹണം). പിറേന്നു മുതൽ ആദ്യം ഇരുട്ടായിരിക്കും. മീനം 5-ാംനു- കറുത്തവാവ്— അന്നു രാ മുഴുവൻ ഇരുട്ട്. ഇരുട്ടുള്ളപ്പോൾ നോക്കി ആകാശഗംഗയുടെ ഭംഗി കണ്ടുകൊള്ളണം. വെളുപ്പിനും ആകാശഗംഗയുടെ ഒരു ഭാഗം കാണാം.

VIII

സന്ധ്യകഴിഞ്ഞു നക്ഷത്രങ്ങളെ നോക്കിക്കൊണ്ടു നില്ക്കുമ്പോൾ തീക്കനലെടുത്തെറിഞ്ഞപോലെ ചിലത് ആകാശത്തു പായുന്നതു മിക്കദിവസവും ഞാൻ കാണുന്നുണ്ട്. നിങ്ങളും കാണും. പാതിരാ കഴിഞ്ഞാണ് അവ അധികം കാണുന്നത്. അവ എന്ത്? ഗ്രഹങ്ങളെപ്പോലെ തണുത്ത ചില കല്ലുകൾ അല്ലെങ്കിൽ ഇരുമ്പുകട്ടകൾ ആകാശത്തു സഞ്ചരിക്കുന്നുണ്ട്. അവ ചിലപ്പോൾ നമ്മുടെ വായുമണ്ഡലത്തിലകപ്പെട്ട് വളരെവേഗം — വെടിയുണ്ടയുടെ വേഗത്തിന്റെ അനേകമടങ്ങു വേഗത്തിൽ — വായുവിൽക്കൂടെ പായുന്നതുകൊണ്ട് ചൂടുപിടിച്ചു പഴുത്ത് ആവിയാകും. അവയാണ് അങ്ങനെ വാണംകൊളുത്തിവിട്ടപോലെ കാണുന്നത്. കൊള്ളിമീനെന്നാണ് അവയുടെ പേര്. ഇംഗ്ലീഷിൽ **shooting star, meteor, fireball** എന്നിങ്ങനെ പേരുകളുണ്ട്.

ചില കൊള്ളിമീൻ മുഴുവൻ ആവിയായിപ്പോകും. ചിലത് ആവിയായാലും കുറേ ശേഷിക്കും. ആ ശേഷിപ്പ് നിലത്തു വന്നു വീഴും. ഒരാനയോളമോ അതിൽ കൂടുതലോ വലിപ്പമുള്ള അത്തരം കൊള്ളിമീൻ കല്ലുകൾ ചിലപ്പോൾ വീഴും, ഭൂമികുലുക്കവും കുറേ നാശവും ഉണ്ടാകയും ചെയ്യും. ഈ കല്ലുകളിൽ ഇരുമ്പു ധാരാളമുണ്ട്. 'പുരാണകിട്ടം' എന്നു പറയുന്നത് ഇത്തരം കൊള്ളിമീൻ കല്ലുകൾ പണ്ടു വീണതാണ്. 1904-ലെന്നു തോന്നുന്നു, റാന്നിയിൽ ഒരു പുലയൻ കിളച്ചുകൊണ്ടു നില്ക്കുമ്പോൾ ഇത്തരം ഒരു കല്ല് അവന്റെ അടുക്കൽ വന്നു വീണു. അല്പം മാറി വീണിരുന്നെങ്കിൽ ആ പാവത്തിന്റെ കഥ കഴിഞ്ഞേനെ. ചെന്നെടുത്തപ്പോൾ ചൂടുണ്ടായിരുന്നു. അത് അവൻ തമ്പുരാനു കൊണ്ടുചെന്നു കൊടുത്തു. ചെന്നു കണ്ടവർ അതു തല്ലിപ്പൊട്ടിച്ച് ഓരോ കഷണം കൊണ്ടുപോയി. ഒരു കഷണം ചെങ്ങന്നൂർ ഒരു വീട്ടിലും വന്നുചേർന്നു. ആഫ്രിക്കായിലെ കാപ്പിരികൾ ഇത്തരം കല്ല് ദൈവമാണെന്നു വിചാരിച്ചു പൂജിക്കാറുണ്ട്.

IX

കുംഭം 12-ാംനു- വെളുക്കാറായി, കാക്ക കരഞ്ഞു. എഴുന്നേറ്റു നോക്കിയപ്പോൾ മുൻപു പറഞ്ഞ പെരുമീനിനെ കിഴക്കു കണ്ടു. കാക്ക കരയുമ്പോൾ എങ്കിലും ഉണർന്നു നോക്കുവിൻ. മണി അപ്പോൾ ആറായിരിക്കും. (മുൻപിലത്തെ കണക്കിന് ആറായില്ല, 5. 38-ട്ടേ ആയുള്ളു). പെരുമീൻ കിഴക്കു കുറേ പൊക്കത്തിലായെങ്കിലും സൂര്യൻ അപ്പോൾ എത്തിനോക്കിത്തുടങ്ങിയില്ല. ഈ കുംഭമാസത്തിൽ സൂര്യൻ കുംഭംരാശിയിലാണല്ലോ. അതുകൊണ്ട് ഇപ്പോൾ 5 മണിക്ക് കുംഭംരാശിയും അതിലുള്ള സൂര്യനുംകൂടെ കിഴക്കെ ചക്രവാളത്തിലെത്തിനോക്കിത്തുടങ്ങും. കാലത്ത് 5. 45 വരെയോ 7 മണി വരെയോ ഈയിടെ പെരുമീനിനെ (ശുക്രനെ) കാണാം. പിന്നെ സൂര്യന്റെ വെട്ടത്തിൽ ശുക്രന്റെ വെട്ടം പൊലിഞ്ഞുപോകും. കുറേക്കൂടെ കഴിഞ്ഞാൽ പെരുമീനിനെ കാലത്ത് എട്ടുമണി ആയാലും കാണാം. പെരുമീൻ പെരിയ ഒരു മീൻ തന്നേ.

X

കാക്ക കരയുമ്പോൾ പെരുമീനിനെ കണ്ടുവെച്ചു പടിഞ്ഞാറോട്ടു തിരിഞ്ഞു നോക്കിയാൽ ഉച്ചിക്ക് അല്പം പടിഞ്ഞാറു വലത്തുമാറി വളരെ ശോഭയുള്ള ഒരു നക്ഷത്രം കാണും. അതിന്റെ പേര് ആർക്റ്റ്യൂറസ് (**Arcturus**) എന്നാകുന്നു. ആറരയോ ഏഴോ ആയാലും പെരുമീനും ആർക്റ്റ്യൂറസും തെളിഞ്ഞു തിളങ്ങും. ഈ കുനഷ്ടു പിടിച്ച പേര് എഴുതാനും അച്ചടിക്കാനും പറയാനും പ്രയാസം. നല്ല ഒരു പേരു കൊടുക്കണം. നല്ല നക്ഷത്രത്തിനു നല്ല പേരുതന്നേ കൊടുക്കണം. എന്തു പേര്? തൽക്കാലത്തേക്ക് 'അർക്കതാരം' എന്നിരിക്കട്ടെ. ഇംഗ്ലീഷുപേരിന്റെ ശബ്ദം ഏകദേശം അർക്കതാരം പോലാണല്ലോ.

ഈ അർക്കതാരം വളരെ വളരെ ദൂരെയാണ്. സൂര്യന്റെ സ്ഥാനത്ത് അർക്കതാരത്തെ കൊണ്ടുവന്നു നിറുത്തിയാൽ സൂര്യന്റെ നൂറിരട്ടി വെട്ടം

അക്താരത്തിനു കാണും. നമ്മുടെ കണ്ണു മ ഞ്ഞുകയല്ല, പൊട്ടിപ്പോകും. സൂര്യന്റെ മുപ്പതിരിട്ടി വ്യാസമാണ് അക്താരത്തിനുള്ളത്. സെക്കൻഡിൽ ലക്ഷത്തെൺപത്താറായിരം (1,86,326) മൈൽ വേഗത്തിലാണ് വെളിച്ചം പായുന്നത്. അങ്ങനെയുള്ള വെളിച്ചം നമ്മുടെ അക്താരത്തിൽനിന്നു പുറപ്പെട്ടാൽ ഭൂമിയിലെത്തുന്നതിന് മുപ്പത്തെട്ടു സംവത്സരം വേണം. എന്തു വലിയ ദൂരം! കണക്കു കൂട്ടിക്കൊള്ളണം:— 1,86,326 × 60 × 60 × 24 × 365¼ × 38 = എത്ര കോടികോടി മൈൽ?

ഒരു ദൃഷ്ടാന്തം പറയാം. ഈ അക്താരം ഇപ്പോൾ പെട്ടെന്നു കെട്ടുപോയി എന്നിരിക്കട്ടെ. ഇതു വായിക്കുന്ന കുട്ടിക്ക് ഇപ്പോൾ 17 വയസ്സായെന്നുമിരിക്കട്ടെ. അക്താരം അണഞ്ഞ കഥ ആ കുട്ടി ഇപ്പോൾതന്നേ അറിയുമോ? ഇല്ല. പഠിത്തമെല്ലാം കഴിഞ്ഞ്, ഉദ്യോഗവും കിട്ടി, പിന്നെയും കുറേയേറെക്കാലം കഴിഞ്ഞ്, മകനും ഉദ്യോഗം കിട്ടിയശേഷം, തന്റെ 55-ാം വയസ്സിൽ (17+38) അട്ടത്തുണ് പറവുമ്പോഴേ അക്താരം അണഞ്ഞുപോയ വിവരം അയാൾ അറിയൂ!

XI

ഈ അക്താരത്തിന്റെ വെളിച്ചം 1933-ൽ ഒരു അത്ഭുതം പ്രവർത്തിച്ച കഥകൂടെ കേൾപ്പിൻ. ആ ആണ്ട് അമേരിക്കയിലെ ഷിക്കാഗോ (Chicago)യിൽ നടന്ന വലിയ പ്രദർശനം തുടങ്ങാൻ വൈദ്യുതവിളക്കുകൾ കത്തിച്ചതും ഡൈനമോയും മോട്ടോറും മററും നടത്തിയതും ഈ നക്ഷത്രത്തിന്റെ വെട്ടമാണ്. ഷിക്കാഗോയിൽനിന്നു നൂറുമൈലകലെയുള്ള യെർക്കിസു (Yerkes) നക്ഷത്രബംഗ്ലാവിലെ വലിയ കുഴൽക്കണ്ണാടിക്കകത്ത് അക്താരത്തിന്റെ വെളിച്ചം വീഴിച്ചു. അതിനു കുഴൽക്കണ്ണാടി അങ്ങോട്ടു ചൂണ്ടിവെച്ചാൽ മതിയല്ലോ. വെളിച്ചം വീണാലുടനേ വൈദ്യുതിപ്രവാഹം (electric current) ഉണ്ടാകുന്ന ഒരു സ്ഫടികക്കൂട്ടക്കയിൽ (photo-electric cell) ആ വെട്ടം ചെന്നുവീണു. ഉടനേ വൈദ്യുതിപ്രവാഹം ഉണ്ടായി, അതുമൂലം ദൂരെ—നൂറു മൈലകലെ—പ്രദർശനശാലയിൽ (Century of Progress Exhibition) ഉണ്ടായിരുന്ന വിളക്കുകൾ കത്തുകയും മററും പെട്ടെന്നു നടന്നു. അങ്ങനെ അക്താരം ആ പ്രദർശനം തുടങ്ങിവെച്ചു ("ഉൽഘാടനം ചെയ്തു")! (അക്താരം നമ്മുടെ ആകാശപ്പടത്തിലില്ല).

XII

അക്താരത്തിനു വടക്കുപടിഞ്ഞാറ് സപ്തർഷികൾ എന്നു പേരുള്ള ഏഴു വലിയ നക്ഷത്രങ്ങൾ (കലപ്പപോലോ വാലുരുളിപോലോ) കാണുന്നു. ആ ഏഴിൽ താഴെ (കലപ്പയുടെ കൊഴുവിന്റെ സ്ഥാനത്ത്) ഉള്ള ഒരു ജോടി നക്ഷത്രം കാണുന്നില്ലയോ? അതു രണ്ടിന്റെയും ചൊവ്വിന് വടക്കോട്ടൊരു നേർവര നീട്ടിയാൽ അതു ധ്രുവനക്ഷത്രത്തിൽ ചെന്നു തൊടും. അങ്ങനെ ധ്രുവനക്ഷത്രവും കണ്ടുപിടിക്കാം. പടത്തിൽ കലപ്പയും ധ്രുവനും ഇല്ലാത്തതുകൊണ്ട് അതു രണ്ടും കാണിച്ചുതരാൻ ഒരു മൂപ്പൂട്ടുകാരനോടപേക്ഷിക്കണം. കാലത്ത് ആറിനു മുൻപു കണ്ടുപിടിച്ചുകൊള്ളണം.

നാലഞ്ചുനാഴിക ഇരുട്ടിയിട്ടു നോക്കിയാലും കലപ്പയും ധ്രുവനും കാണാം. വടക്കുകിഴക്കു നോക്കണം. കലപ്പയും ചിങ്ങംരാശിയും തമ്മിൽ എതിരേ നില്ക്കുന്നു. അവയും വൃശ്ചികംരാശി മുതലായവയും ഇനിയത്തെ ലേഖനംമൂലം കാണിച്ചുതരാം. ഇത്തവണ കുറേ ഏറെ കാണിച്ചത് മഴക്കാറുള്ള കാലം വരാറായതുകൊണ്ടാണ്. മേടമായാൽ പിന്നെ ചിങ്ങംവരെ ഇത്തരം ലേഖനംകൊണ്ടു പ്രയോജനമില്ല. (കുംഭം 20-ാംനു വെളുപ്പിനു ചന്ദ്രഗ്രഹണം കണ്ടോ?)

കുറിപ്പ്:—ഈ ലേഖനത്തിന്റെ ആദ്യം ഇംഗ്ലീഷിലെ T-ക്കു പകരം ട്ട എന്നൊരു പുതിയ അക്ഷരം ഉപയോഗിച്ചിരിക്കുന്നു. T-യുടെ ശബ്ദത്തിന് മലയാളത്തിൽ ലിപിയില്ല. ന്റ, ററ എന്നിവയിൽ റ കൊണ്ട് ആ ഒററ ശബ്ദവും, ററ കൊണ്ട് ദ്വിത്വവും കാണിക്കയാണു പതിവ്. പറ, റവ എന്നിവയിലെ റ എന്ന ശബ്ദത്തിനും 'റ' തന്നേ നാം ഉപയോഗിക്കുന്നു. അതു പോരാ. T എന്ന ശബ്ദത്തിന്റെ വർഗ്ഗത്തിൽ ഉള്ള അനുനാസികമാണ് ആനയിലെ 'ന'. നായിലെ ന-യ്ക്കും ആനയിലെ ന-യ്ക്കും രണ്ടു ലിപികൾ വേണം. രണ്ടാമത്തെ ന-യ്ക്ക് ചിലർ ഩ ഉപയോഗിച്ചുവരുന്നു. അതിനെ അനുകരിച്ചാണ് ട-യ്ക്ക് ആദ്യം ഒരു കുനിപ്പിട്ട് ട്ട ഉണ്ടാക്കിയത്. ശ എന്ന അക്ഷരം തിരിച്ചിട്ടാൽ ഈ പുതിയ അക്ഷരമാകും. ണ-യുടെ ഒടുവിലത്തെ കുനിപ്പു കളഞ്ഞാൽ ഩ ആകും.

—T. K. J.

കർമ്മധീരനായ വിൻസ്ററൺ ചർച്ചിൽ

ബ്രിട്ടീഷ് പ്രധാന മന്ത്രിയായ വിൻസ്റ്റൺ ചർച്ചിൽ ഇന്നു ജീവിച്ചിരിക്കുന്ന പ്രഥമഗണനീയന്മാരായ മനുഷ്യരിൽ ഒരുവനാണ്. അദ്ദേഹത്തിനു മനുഷ്യഹൃദയങ്ങളെ ഇളക്കുവാനുള്ള ഒരു വിശേഷശക്തിയുണ്ട്.

ചർച്ചിലിൻെറ ജീവചരിത്രം വീരകൃത്യങ്ങളെപ്പററിയുള്ള വിവരണങ്ങൾകൊണ്ടു നിറഞ്ഞതാണ്. അപകടസമ്പൂർണ്ണമായ സ്ഥാനമേ അദ്ദേഹം തിരഞ്ഞെടുത്തിട്ടുള്ളു. അവയിൽനിന്ന് അദ്ദേഹം വളരെ പ്രയാസപ്പെട്ടുമാത്രമാണു രക്ഷ നേടിയിട്ടുള്ളതു്. എങ്കിലും വിജയം ഒരിക്കലും അദ്ദേഹത്തെ വെടിഞ്ഞിട്ടില്ല. അദ്ദേഹത്തിൻെറ ജീവചരിത്രം വളരെ ആകർഷണീയമാണെന്നു ചിലർ പറയുന്നു. ബ്രിട്ടീഷുകാൎക്കു സഹജമായുള്ള ചില വിശേഷഗുണങ്ങൾമൂലം മാത്രമാണ് അദ്ദേഹത്തിന് ഇങ്ങനെ ലോകരുടെ ശ്രദ്ധയെ ആകർഷിക്കുവാൻ സാധിച്ചിരിക്കുന്നതു എന്നു വേറൊരു കൂട്ടർ പറയുന്നു.

ഏതായാലും അദ്ദേഹം പല വലിയ കാൎയ്യങ്ങളും സാധിച്ചിട്ടുണ്ട്. യാതൊരുത്തൎക്കും കുററം പറയുവാൻ പാടില്ലാത്തവിധത്തിൽ അദ്ദേഹം ഓരോന്നു ചെയ്യുന്നു. അദ്ദേഹം വലിയ ഒരു രാഷ്ട്രീയപ്രവൎത്തകനാണ്. വാഗ്മിതത്തിൽ അദ്ദേഹത്തിനു ഗണനീയമായ ഒരു സ്ഥാനമുണ്ട്. ചിത്രമെഴുത്തിൽപോലും അദ്ദേഹത്തിനു സാമൎത്ഥ്യമുണ്ട്. പത്തൊൻപതു പുസ്തകങ്ങളുടെ രചയിതാവാണ് അദ്ദേഹം. ഇങ്ങനെ അദ്ദേഹം സാധിച്ചിട്ടുള്ള മഹൽകാൎയ്യങ്ങളെക്കുറിച്ചു കേട്ടാൽ നമുക്കു വിശ്വസിക്കുവാൻകൂടി പ്രയാസമായിരിക്കും. ഇങ്ങനെയുള്ള ആളുകളെപ്പററിയാണ് വിശേഷപ്പെട്ട ഐതിഹ്യങ്ങളൊക്കെ പ്രചരിക്കാറുള്ളതു്.

വിൻസ്റ്റൺ ലെയോണാർഡ് സ്പെൻസർ ചർച്ചിൽ 65 വൎഷങ്ങൾക്കു മുൻപു ജനിച്ചു. അദ്ദേഹത്തിൻെറ പിതാവു റാൻഡോൾഫ് ചർച്ചിൽ പ്രഭു ആയിരുന്നു. മാൽബറോപ്രഭുവിൻെറ ഇളയപുത്രനായിരുന്നു ചർച്ചിൽപ്രഭു. നമ്മുടെ കഥാപുരുഷൻെറ മാതാവ് ഒരു അമേരിക്കൻവനിതയായിരുന്നു. ന്യൂയോർക്കിലെ ധനികനായ ഒരു പത്രമുടമസ്ഥനായിരുന്നു അവരുടെ പിതാവ്. അമേരിക്കയുമായി ഇങ്ങനെ താൻ ബന്ധപ്പെട്ടിരിക്കുന്നതിൽ വിൻസ്റ്റൺ ചർച്ചിലിനു വലിയ അഭിമാനമുണ്ട്. ഇപ്രകാരമുള്ള ബന്ധം ഉണ്ടെങ്കിലും കൊള്ളാം, ഇല്ലെങ്കിലും കൊള്ളാം, അമേരിക്കർ ഇഷ്ടപ്പെടുന്ന അനേകം ഗുണങ്ങളോടുകൂടിയ ഒരുവൻതന്നെയാണദ്ദേഹം. അപകടസമ്പൂർണ്ണമായ ഇക്കാലത്ത് അമേരിക്കക്ക് അദ്ദേഹത്തെപ്പററിയുള്ള മതിപ്പും വിശ്വാസവും ബ്രിട്ടീഷുകാരുടെ ഒരു വലിയ നിധിതന്നെയാണ്.

ചർച്ചിലിൻെറ ഗൃഹജീവിതം വളരെ സൗഭാഗ്യകരമായിരുന്നു. മാതാപിതാക്കന്മാരെ എപ്പോഴും വളരെ ബഹുമാനിച്ചു. പാർലിമെൻറിൽ പ്രവേശിച്ചു പിതാവിനോടൊന്നിച്ചു പ്രവൎത്തിക്കണമെന്നുള്ളതായിരുന്നു അദ്ദേഹത്തിനു ചെറുപ്പം മുതൽ ഉണ്ടായിരുന്ന ആഗ്രഹം.

ചർച്ചിലിനു 21 വയസ്സു പ്രായമായപ്പോൾ അദ്ദേഹത്തിൻെറ പിതാവു മരിച്ചു. അപ്പോൾ തൻെറ മാതാവിനു 40 വയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളു. ആ മഹതി സ്വപുത്രനുവേണ്ടി തൻെറ ശിഷ്ടായുസ്സ് വിനിയോഗിച്ചു.

വിദ്യാൎത്ഥിയായിരുന്ന കാലത്തു ചർച്ചിൽ ആരുടേയും ശ്രദ്ധയെ ആകർഷിച്ചിട്ടില്ല. പല മഹാന്മാരുടെയും ചരിത്രത്തിൽ ഇങ്ങനെയുള്ള വിശേഷത കാണുന്നുണ്ട്. ഗ്രീക്ക്, ലാററിൻ മുതലായ പുരാതനഭാഷകളും സാധാരണ ആവശ്യങ്ങൾക്കുള്ളതിൽ കൂടുതലായ കണക്കും പഠിക്കുന്നതുകൊണ്ടു യാതൊരു ഫലവും ഇല്ലെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. പ്രസ്തുത വിഷയങ്ങളെല്ലാം അദ്ദേഹം വെറുത്തു. ആവശ്യമില്ലാത്ത നിയന്ത്രണങ്ങളെയും പ്രയോജനശൂന്യമായ കാൎയ്യങ്ങൾ പഠിക്കണമെന്നുണ്ടായിരുന്ന ചട്ടങ്ങളേയും അദ്ദേഹം അനാദരിക്കുകയും ചെയ്തു.

സാഹിത്യപരമായ വിദ്യാഭ്യാസത്തിനുശേഷം അദ്ദേഹം സാൻഡ്ഹേഴ്സ്റ്റ് എന്ന സൈനികപാഠശാലയിൽ പ്രവേശിച്ചു. അവിടെ അദ്ദേഹത്തിനുണ്ടായ വിജയം ആശ്ചൎയ്യകരമായിരുന്നു. സൈനികസംബന്ധമായ സകല പാഠങ്ങളും യാതൊരു വിഷമവും കൂടാതെ അദ്ദേഹം പഠിച്ചു. താൻ പഠിത്തത്തിൽ മോശക്കാരനായിരുന്നു എന്നുള്ള അഭിപ്രായം തന്നിൽനിന്നും അന്യരിൽനിന്നും നീങ്ങുകയുണ്ടായി.

21-ാമത്തെ വയസ്സിൽ ചർച്ചിൽ സൈന്യത്തിൽ ചേൎന്നു. തൻെറ കീഴിലെ സൈന്യവുമായി അദ്ദേഹം ഇൻഡ്യയിലെത്തി. ആ സമയത്തു യുദ്ധം ഒന്നുമില്ലായിരുന്നു. ബാംഗ്ളൂരിലെത്തുവാനാണ് അദ്ദേഹത്തിനു ആജ്ഞ കിട്ടിയതു്. അവിടെ

താമസിക്കുമ്പോൾ ജ്ഞാനസമ്പാദനത്തിനായുള്ള താല്പര്യം അദ്ദേഹത്തിൽ വൎദ്ധിച്ചു. അദ്ദേഹം ധാരാളം പുസ്തകങ്ങൾ വായിച്ചു. ചരിത്രം, തത്വജ്ഞാനം, ധനതത്വശാസ്ത്രം മുതലായ വിവിധ വിഷയങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന നല്ല പുസ്തകങ്ങൾ തന്റെ മാതാവ് അദ്ദേഹത്തിനു അയച്ചുകൊടുത്തു. മററുള്ളവർ വിശ്രമിക്കുന്ന അവസരങ്ങളിൽ ഉത്സാഹമൂൎത്തിയായ ഈ യുവാവു ഗ്രന്ഥപാരായണത്തിൽ ഏൎപ്പെട്ടുകൊണ്ടിരുന്നു. അന്നുമുതൽ അദ്ദേഹം യഥാൎത്ഥത്തിൽ ഒരു വിദ്യാൎത്ഥിയായിത്തീൎന്നു.

വടക്കുപടിഞ്ഞാറൻ അതൃത്തിസംസ്ഥാനത്തിൽ യുദ്ധം ആരംഭിച്ചപ്പോൾ ചർച്ചിൽ അവധിയിൽ ഇംഗ്ലണ്ടിലായിരുന്നു. ബാംഗ്ലൂരിലെ ജീവിതം അത്ര സന്തോഷപ്രദമായി അദ്ദേഹത്തിനു തോന്നിയില്ല. യുദ്ധരംഗത്തിലെ സേവനമായിരുന്നു അദ്ദേഹത്തെ കൂടുതലായി ആകൎഷിച്ചതു്. അതിനാൽ യുദ്ധരംഗത്തിൽ പ്രവേശിക്കുന്നതിനുള്ള അനുവാദവും അദ്ദേഹം സമ്പാദിച്ചു. ഇംഗ്ലണ്ടിൽനിന്നു തിരിക്കുന്നതിനു മുൻപു യുദ്ധവാൎത്താറിപ്പോർട്ടർ എന്ന ഒരു ഉദ്യോഗവും അദ്ദേഹത്തിനു ലഭിച്ചു.

അതൃത്തിസംസ്ഥാനത്തിലെ യുദ്ധത്തിൽ അദ്ദേഹം പങ്കെടുത്തു. അപകടകരമായ സ്ഥാനങ്ങളിൽ സധൈൎയ്യം പ്രവേശിച്ച് അത്ഭുതകരമായ വിധത്തിൽ രക്ഷപ്രാപിച്ച് അദ്ദേഹം വലിയ കീൎത്തിനേടി. അദ്ദേഹം എഴുതിയയച്ച യുദ്ധവാൎത്തകൾ എല്ലാവൎക്കും ഇഷ്ടമായി. ബാംഗ്ലൂരിൽ തിരിച്ചെത്തിയശേഷം പ്രസ്തുത യുദ്ധത്തെപ്പററി ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുവാൻതന്നെ അദ്ദേഹം നിശ്ചയിച്ചു. തൽഫലമായി പ്രസിദ്ധീകൃതമായ പുസ്തകം എല്ലാവരുടെയും പുകഴ്ച്ചയ്ക്കു പാത്രീഭവിച്ചു. വിദ്യാലയജീവിതത്തിൽ പിൻപനായിരുന്ന എഴുത്തുകാരന് ഈ വിജയം വളരെ പ്രോത്സാഹനംനല്കി.

കുറേ കഴിഞ്ഞപ്പോൾ ഇജിപ്ഷ്യൻ സുഡാനിൽ യുദ്ധം ആരംഭിച്ചു. മാതാവിന്റെയും സ്നേഹിതന്മാരുടെയും സഹായത്താൽ ചർച്ചിലിനു ഇജിപ്റ്റിലേക്കു നിയുക്തമായ സൈന്യത്തിൽ ഒരു സ്ഥാനം ലഭിച്ചു. അങ്ങനെ അദ്ദേഹം കയിറോയിൽ എത്തി. അവിടെയും അദ്ദേഹം വളരെ പ്രശസ്തമായ രീതിയിൽതന്നെ സ്വകൃത്യങ്ങൾ നിൎവ്വഹിച്ചു. അവിടെ അനുഭവപ്പെട്ട വസ്തുതകളെല്ലാം അദ്ദേഹം ശരിയായി എഴുതി സൂക്ഷിക്കുകയുംചെയ്തു. യുദ്ധാനന്തരം അദ്ദേഹം വീണ്ടും ഇൻഡ്യയിൽ വന്നു. ആഫ്രിക്കൻ യുദ്ധത്തെപ്പററിയും അദ്ദേഹം ഒരു പുസ്തകം പ്രസിദ്ധീകരിച്ചു.

ഒരു വൎഷം കഴിഞ്ഞപ്പോൾ തെക്കെ ആഫ്രിക്കയിൽ ബോവർയുദ്ധം ആരംഭിച്ചു. അപ്പോഴേക്കു ചർച്ചിലിന്റെ സേവനകാലാവധി തീൎന്നിരുന്നു. അതിനാൽ അദ്ദേഹം യുദ്ധത്തിൽ പങ്കെടുക്കണമെന്നു ഉദ്ദേശിച്ചില്ല. എങ്കിലും യുദ്ധവാൎത്താലേഖകനായി അദ്ദേഹം തെക്കെ ആഫ്രിക്കയിലേക്കു പോയി. എന്നാൽ കുറേക്കഴിഞ്ഞപ്പോൾ അദ്ദേഹവും യുദ്ധത്തിൽ ഏൎപ്പെടേണ്ടിവന്നു. അദ്ദേഹം തടവുകാരനായി പിടിക്കപ്പെട്ടു. അത്ഭുതകരമായ വിധത്തിൽ അദ്ദേഹം രക്ഷപ്രാപിച്ചു. അദ്ദേഹത്തിന്റെ പ്രസിദ്ധി നാടെങ്ങും പരന്നു. തൻമൂലം അദ്ദേഹം ഇംഗ്ലണ്ടിൽ വലിയ ജനസമ്മതിയുള്ളവനായിത്തീൎന്നു.

ഈ അവസരത്തിൽ അദ്ദേഹം പാർലിമെൻറിലേക്കുള്ള തിരഞ്ഞെടുപ്പിൽ സ്ഥാനാൎത്ഥിയായി മത്സരിച്ചു. 25-ാമത്തെ വയസ്സിൽ അദ്ദേഹം പാർലിമെൻറുസാമാജികനായി തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം യാഥാസ്ഥിതിക കക്ഷിക്കാരനായിരുന്നു.

34-ാമത്തെ വയസ്സിൽ ചർച്ചിൽ വിവാഹിതനായിത്തീൎന്നു. അന്നുമുതൽ സന്തോഷകരമായ ജീവിതം നയിക്കുന്നതായി അദ്ദേഹം സ്വജീവചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

വിദ്യാൎത്ഥിജീവിതകാലത്തെപ്പോലെതന്നെ ചർച്ചിൽ രാഷ്ട്രീയജീവിതത്തിലും ഒരു മത്സരപ്രിയനായിരുന്നു. ഏതെങ്കിലും ഒരു കക്ഷിയുടെ മുൻപിൽ തന്റെ പ്രമാണങ്ങളെ ബലികഴിക്കുകയെന്നതു് അദ്ദേഹത്തിനു സഹിക്കാവുന്ന കാൎയ്യമല്ല. ശരിയായിട്ടുള്ളതെന്നു തോന്നുന്നതു ചെയ്യുവാൻ അദ്ദേഹം സംശയിക്കുകയോ ഭയപ്പെടുകയോ ചെയ്തിട്ടില്ല. മററുള്ളവർ എന്തൊക്കെ പറഞ്ഞു, എന്തൊക്കെ പറയും, എന്നുള്ളതു അദ്ദേഹം കാൎയ്യമാക്കിയിട്ടുമില്ല. പാർലിമെൻറിൽ പ്രവേശിച്ചതു യാഥാസ്ഥിതികനായിട്ടായിരുന്നു. പിന്നീട് അദ്ദേഹം ഉല്പതിഷ്ണുകക്ഷിയിൽ ചേൎന്നു. കഴിഞ്ഞ മഹായുദ്ധകാലത്തു് അദ്ദേഹം ലോയിഡ്ജോർജ്ജിന്റെ മന്ത്രിസഭയിൽ ഒരു സ്ഥാനം സ്വീകരിക്കുകയുണ്ടായി. കുറേക്കഴിഞ്ഞു പിന്നെയും അദ്ദേഹം യാഥാസ്ഥിതികനായിത്തീൎന്നു.

ചർച്ചിൽ ഉന്നതി പ്രാപിച്ചതു അദ്ദേഹത്തിന്റെ കാൎയ്യപ്രാപ്തിമൂലമാണ്. 37-ാം വയസ്സിൽ അദ്ദേഹം നാവികവകുപ്പിന്റെ അദ്ധ്യക്ഷനായിത്തീൎന്നു. പ്രസ്തുത വകുപ്പിൽ പ്രയോജനകരമാ

യ പല മാററങ്ങളും അദ്ദേഹം വരുത്തി. അദ്ദേഹം മുൻകരുതലോടും ദീർഘദൃഷ്ടിയോടുംകൂടി പ്രവർത്തിച്ചതിനാൽ കഴിഞ്ഞ മഹായുദ്ധം ആരംഭിച്ചപ്പോൾ നാവികവകുപ്പു അത്യധികം പ്രവർത്തനസന്നദ്ധവും കാര്യക്ഷമവുമായിത്തീർന്നിരുന്നു.

അദ്ദേഹത്തിന്റെ അഭിപ്രായമനുസരിച്ചു ഡാർഡനത്സിലേക്കു അയച്ച നാവികസൈന്യം പരാജയംപരിക്കാനിടയായി. അതിനാൽ അദ്ദേഹം മന്ത്രിസഭയിൽനിന്നു രാജിവച്ചു. പിന്നീടു ഫ്രാൻസിൽ ചെന്നു് അദ്ദേഹം കാലാൾസൈന്യത്തിൽ ഒരു ഉദ്യോഗം സ്വീകരിച്ചു. അവിടെ മററുള്ള ഭടന്മാരോടൊപ്പം അദ്ദേഹം എല്ലാവിധ കഷ്ടപ്പാടുകളും സഹിച്ചു. ധൈര്യം മുതലായി ഒരു നേതാവിനു ആവശ്യമായിരിക്കുന്ന എല്ലാ ഗുണങ്ങളും അദ്ദേഹം അവിടെ പ്രദർശിപ്പിച്ചു. അദ്ദേഹം എല്ലാവരുടേയും പ്രശംസയ്ക്കു പാത്രീഭൂതനായിത്തീർന്നു. യുദ്ധം കഴിഞ്ഞശേഷം അദ്ദേഹത്തിന്റെ കീഴിലുണ്ടായിരുന്ന സാധാരണ ഭടന്മാർക്കും ഉദ്യോഗസ്ഥന്മാർക്കും ശരിയായ ഉദ്യോഗം കിട്ടുന്ന കാര്യത്തിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി.

1917-ൽ ചർച്ചിൽ ഇംഗ്ലണ്ടിൽ തിരിച്ചെത്തി. അദ്ദേഹം ആയുധനിർമ്മാണവകുപ്പിന്റെ അദ്ധ്യക്ഷനായി മന്ത്രിസഭയിൽ പ്രവേശിച്ചു. അപ്പോൾ അദ്ദേഹം ഒരു ഉല്പതിഷ്ണു ആയിരുന്നു. ചുമതലയേറിയ പല സ്ഥാനങ്ങളിലും അദ്ദേഹം നിയമിതനായി. 1922-ൽ പാർലിമെന്റിലേക്കുള്ള തിരഞ്ഞെടുപ്പിൽ ചർച്ചിൽ പരാജയമടഞ്ഞു. 22 വർഷങ്ങൾക്കിടയിൽ ഇതു ആദ്യത്തെ പരാജയമായിരുന്നു. ഇതു അദ്ദേഹത്തിന്റെ ഹൃദയത്തെ സാരമായി സ്പർശിച്ചു. എങ്കിലും കഴിഞ്ഞ കാര്യങ്ങളെക്കുറിച്ചു കുണ്ഠിതപ്പെടുകയെന്ന സ്വഭാവം അദ്ദേഹത്തെസംബന്ധിച്ചിടത്തോളം സാധാരണയല്ല.

അടുത്ത രണ്ടുവർഷം അദ്ദേഹം സ്വഗൃഹത്തിൽ തന്നെ കഴിച്ചുകൂട്ടി. അക്കാലംകൊണ്ടു മഹായുദ്ധത്തെക്കുറിച്ചു വളരെ വിശേഷപ്പെട്ട ഗ്രന്ഥം അദ്ദേഹം രചിച്ചു. ഇതാണു് അദ്ദേഹത്തിന്റെ ഏററവും വിശേഷപ്പെട്ട കൃതി. രണ്ടു വർഷം വിശ്രമാവസരങ്ങളിൽ ചെയ്ത പ്രയത്നത്തിന്റെ ഫലമായിട്ടത്രെ അദ്ദേഹത്തിനു് ഇതു സാധിച്ചതു്. തൻമൂലം അദ്ദേഹത്തിനു ൩ ലക്ഷം രൂപാ കിട്ടി. ഈ തുകകൊണ്ടു് അദ്ദേഹം ഒരു ഗ്രാമവസതി വാങ്ങിച്ചു.

1924-ൽ ചർച്ചിൽ വീണ്ടും പാർലിമെന്റിൽ പ്രവേശിച്ചു. ഈ പ്രാവശ്യം അദ്ദേഹം ഒരു യാഥാസ്ഥിതികനായിരുന്നു. ധനകാര്യവകുപ്പിന്റെ അദ്ധ്യക്ഷനെന്ന നിലയിൽ അദ്ദേഹത്തിനു മന്ത്രിസഭയിൽ സ്ഥാനം കിട്ടി. 1929-ൽ യാഥാസ്ഥിതികകക്ഷിയുടെ മന്ത്രിസഭ രാജിവച്ചു. അതോടുകൂടി ചർച്ചിലിന്റെ മന്ത്രിസ്ഥാനം നഷ്ടപ്പെട്ടു. പിന്നീടു തൊഴിലാളികക്ഷി മന്ത്രിസഭ രൂപീകരിച്ചു. അന്നുമുതൽ ഇപ്പോഴത്തെ യുദ്ധം ആരംഭിക്കുന്നതുവരെ ചർച്ചിലിനു മന്ത്രിസഭയിൽ സ്ഥാനം ലഭിച്ചില്ല. എന്നാൽ അദ്ദേഹത്തിന്റെ പാർലിമെന്റുസാമാജികസ്ഥാനം നഷ്ടപ്പെട്ടില്ല.

ഹിററ്ലർ പ്രാബല്യംപ്രാപിച്ചാൽ ജനാധിപത്യരാജ്യങ്ങളുടെ ഗതി എന്തായിരിക്കുമെന്നു് ആദ്യംതന്നെ ഭയപ്പെട്ട ചുരുക്കംചിലരിൽ ഒരുവനായിരുന്നു ചർച്ചിൽ. ഏകാധിപത്യരാജ്യങ്ങളുടെ ശക്തിവർദ്ധനവിനെ തടയേണ്ടതിന്റെ ആവശ്യകതയെപ്പററി ജനങ്ങളെ ഉൽബോധിപ്പിക്കുന്നതിനായി ലേഖനങ്ങളും പ്രസംഗങ്ങളും വഴിയായി ചർച്ചിൽ പ്രയത്നിച്ചുകൊണ്ടിരുന്നു. ഈ പരിശ്രമങ്ങളുടെ ഫലമായി 'യുദ്ധക്കൊതിയൻ' എന്ന പേരു് അദ്ദേഹത്തിനു കിട്ടി. നാസികളുടെ ഏററവും വലിയ ശത്രു എന്ന പേരാണു് ഹിററ്ലർ അദ്ദേഹത്തിനു കൊടുത്തതു്.

1939 സെപ്തംബർമാസത്തിലാണല്ലോ ഇപ്പോഴത്തെ യുദ്ധം ആരംഭിച്ചതു്. അപ്പോൾ ചർച്ചിൽ മന്ത്രിസഭയിലെ ഒരു അംഗമായിത്തീർന്നു. ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹം പ്രധാന മന്ത്രിയായിത്തീരുകയും ചെയ്തു. ഫ്രാൻസ് അധഃപതിക്കുന്നതിനു അല്പം മുൻപാണു് അദ്ദേഹത്തിനു് ഈ മഹനീയപദം ലഭിച്ചതു്. അതു ബ്രിട്ടീഷ് ചരിത്രത്തിന്റെ അന്ധകാരപരിപൂർണ്ണമായ ഒരു സമയമായിരുന്നു. അദ്ദേഹത്തിന്റെ സ്ഥിരനിശ്ചയം, മനക്കരുത്തു് മുതലായ വിശിഷ്ട ഗുണങ്ങളാൽ ഈ ഘട്ടത്തിൽ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഭരണസാരഥ്യം വഹിക്കുവാനുള്ള പ്രാപ്തിയും ഭാഗ്യവും അദ്ദേഹത്തിനുണ്ടായി. ബ്രിട്ടീഷ്ജനതയ്ക്കുള്ള ചില പ്രത്യേക ഗുണങ്ങളുടെ മൂർത്തീകരണമാണു് ചർച്ചിൽ എന്നു പറയാം. പ്രധാനമന്ത്രിസ്ഥാനം കയ്യേററപ്പോൾ അദ്ദേഹം പറഞ്ഞ വാക്കുകൾ ഏതു ഹൃദയത്തേയും ഇളക്കുവാൻ പര്യാപ്തമാണു്. "കഷ്ടത, രക്തം, കണ്ണുനീർ ഇവ തരാമെന്നു പറയാമെന്നുള്ളതിൽ കവിഞ്ഞു യാതൊന്നും ചെയ്യുവാൻ എനിക്കു പ്രാപ്തിയില്ല." അതാണു് അദ്ദേഹം നല്കിയ വാഗ്ദാനം.

ഭാഷാപ്രയോഗചാതുര്യം ചർച്ചിലിനുള്ള ഒരു പ്രധാന ഗുണമാണ്. അദ്ദേഹം വലിയ ഒരു വാഗ്മിയാണെന്നു നിസ്സംശയം അഭിപ്രായപ്പെടാം. ഒരിക്കൽ കുറെ പണം വേണ്ടിവന്നപ്പോൾ അദ്ദേഹം ഒരു പ്രസംഗയാത്ര നടത്തി. അഞ്ചു മാസംകൊണ്ട് അദ്ദേഹത്തിനു ഒന്നരലക്ഷം രൂപാ കിട്ടി. അദ്ദേഹം 19 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. ആ വഴിയിൽക്കൂടിയും അദ്ദേഹത്തിനു വലിയ ആദായം ലഭിക്കുകയുണ്ടായി.

40 വയസ്സായപ്പോഴാണ് അദ്ദേഹം ചിത്രമെഴുത്തു പഠിച്ചത്. അതിൽ പിന്നീടു ചിത്രമെഴുത്തിൽ അദ്ദേഹത്തിനു വലിയ താല്പര്യമാണ്.

കല്ലാശാരിപ്പണിയിൽ ചർച്ചിലിനു നല്ല സാമർത്ഥ്യമുണ്ട്. ലണ്ടനിൽനിന്നു 20 മൈൽ അകലെയുള്ള തന്റെ ഗ്രാമവസതിയോടു ചേർന്ന് അദ്ദേഹം പല മതിലുകൾ നിർമ്മിച്ചിട്ടുണ്ട്.

ചർച്ചിൽ ഒരു ഉത്തമസ്നേഹിതനാണ്. അദ്ദേഹം അന്യരുടെ കാര്യങ്ങളിൽ വലിയ താല്പര്യം പ്രദർശിപ്പിക്കാറുണ്ട്. പ്രഭുകുടുംബത്തിൽ പെട്ടവനാണെങ്കിലും അദ്ദേഹം സാമാന്യജനങ്ങളെ വളരെ സ്നേഹിക്കുന്നു. ബോംബാക്രമണംമൂലം ആൾനാശവും അർത്ഥനഷ്ടവും നേരിട്ടിട്ടുള്ള സ്ഥലങ്ങളിൽക്കൂടി അദ്ദേഹം സഞ്ചരിക്കുമ്പോൾ 'വിന്നി! ദൈവം അങ്ങയെ അനുഗ്രഹിക്കട്ടെ' എന്നു ജനങ്ങൾ സ്നേഹപൂർവ്വം വിളിച്ചുപറയാറുണ്ട്.

മഹാമനസ്കത എന്ന ഗുണം അദ്ദേഹത്തിൽ വളരെയുണ്ട്. നാസികൾമൂലം ഭയങ്കരമായ വിപത്തു നേരിടുമെന്നുള്ളതു വ്യക്തമായിത്തീരുകയും ബ്രിട്ടൻ യുദ്ധത്തിനായി യാതൊന്നും ഒരുങ്ങിയിട്ടില്ലേ എന്നുള്ള ചോദ്യമുണ്ടാകയും ചെയ്തപ്പോൾ, "ഞാൻ പറഞ്ഞതല്ലേ ?" എന്നു അദ്ദേഹത്തിനു പറയാമായിരുന്നു. എന്നാൽ അങ്ങനെയുള്ള യാതൊന്നും അദ്ദേഹത്തിന്റെ നാവിൽനിന്നു പുറപ്പെട്ടിട്ടില്ല. അതിനു പകരം അദ്ദേഹം പറഞ്ഞതിങ്ങനെയാണ്. "ഇന്നലത്തെ സംഭവങ്ങളെപ്പററി ഇന്നു കടിപിടികൂട്ടിക്കൊണ്ടിരുന്നാൽ നാളെയും നമ്മേക്കൊണ്ടു ഒന്നും നടക്കുകയില്ല." പരസ്പരം കുററം പറഞ്ഞുകൊണ്ടിരിക്കുന്നത് അബദ്ധമാണെന്നും അദ്ദേഹം ജനങ്ങളെ കൂടെക്കൂടെ ഓർപ്പിച്ചുകൊണ്ടിരുന്നു. ഫ്രാൻസിലെ ഒരു യുദ്ധസ്മാരകസ്തംഭത്തിൽ രേഖപ്പെടുത്തുവാനായി അദ്ദേഹം ഒരു വാചകം പറഞ്ഞുകൊടുത്തിട്ടുണ്ട്. അതിൽ അദ്ദേഹത്തിന്റെ തത്വജ്ഞാനത്തിന്റെ സാരാംശം അടങ്ങിയിരിക്കുന്നു. ആ വാചകമിപ്രകാരമാണ്: "യുദ്ധത്തിൽ സ്ഥിരനിശ്ചയം, തോൽവിയിൽ കൂസലില്ലായ്മ, വിജയത്തിൽ മഹാമനസ്കത, സമാധാനകാലത്തു സന്മനോഭാവം."

ഹിന്ദി പാഠമാല *

(വൈക്കം എൻ. എസ്സ്. പൈ. രാ. ഭാ. വിശാരദ്)

൧-ാം പാഠം

യഹ്=ഇവൻ, ഇവൾ, ഇത്, ഈ
ആം=മാങ്ങ
ചിത്ര്=ചിത്രം
കടഹൽ=ചക്ക
പാനി=വെള്ളം
ഭാത്=ചോറ്
ദൂധ്=പാൽ
കുത്താ=പട്ടി
ഗായ്=പശു
ഹൈ=ആകുന്നു
യഹ് ആം=ഈ മാങ്ങ
യഹ് ചിത്ര്=ഈ ചിത്രം
യഹ് പാനി=ഈ വെള്ളം
യഹ് ഗായ്=ഈ പശു

ഇതുപോലെ മററു പദങ്ങളും ചേർത്തു വാക്യഭാഗങ്ങൾ തയ്യാറാക്കുക.

വഹ്=അവൻ, അവൾ, അത്, ആ

ആ മാങ്ങ (വഹ് ആം) എന്ന രൂപത്തിൽ മുൻപ്രകാരം വാക്യഭാഗങ്ങളും, അത് വെള്ളമാകുന്നു (വഹ് പാനി ഹൈ) എന്ന രൂപത്തിൽ പൂർണ്ണ വാക്യങ്ങളും ഉണ്ടാക്കുക.

നഹി=അല്ല, ഇല്ല

അർത്ഥം എഴുതുക.
യഹ് ആം ഹൈ
വഹ് കുത്താ ഹൈ
യഹ് കുത്താ നഹി ഹൈ

* ഞങ്ങളുടെ പുതിയ വരിക്കാരുടെ പേക്കായി ഹിന്ദിപാഠമാലയുടെ ആദ്യത്തെ പാഠം ആവർത്തിക്കുന്നു.
പത്രാധിപർ.

യഹ് ഗായ് ഹൈ
യഹ് പാനി നഹി ഹൈ
യഹ് ദൂധ് ഹൈ
യഹ് ചിത്ര് നഹി ഹൈ
യഹ് ആം ഹൈ

ഇപ്പോൾ നിങ്ങൾക്കു നവ വാചകങ്ങൾ ഹിന്ദിയിൽ നിർമ്മിക്കുവാൻ കഴിയും. കൂടുതൽ പരിശീലനത്തിനായി താഴെ തന്നിരിക്കുന്ന വാക്കുകൾ ചേർത്തു വാചകങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കണം.

ആദ്മീ=മനുഷ്യൻ
ഖുദാ=ദൈവം
ഉസ്താദ്=അദ്ധ്യാപകൻ
കിതാബ്=പുസ്തകം
വർഗ്=ക്ലാസ്
പാഠശാലാ=പാഠശാല, വിദ്യാലയം
ഘർ=വീട്
മാലിക്=യജമാനൻ
നാരിയൽ=തേങ്ങ
കാഗജ്=കടലാസ്
യഹ് ആദ്മീ ഹൈ
വഹ് ആദ്മീ ഹൈ
യഹ് ആദ്മീ നഹി ഹൈ
യഹ് ഖുദാ ഹൈ

ഈ രീതിയിൽ 72 വാക്യങ്ങൾ ഉണ്ടാക്കി എഴുതുക.

അഭ്യാസം 1

I പൂരിപ്പിക്കുക.

1. യഹ് ആദ്മീ—
2. വഹ് ഖുദാ നഹി—
3. യഹ് കിതാബ് നഹി—
4. വഹ് കാഗജ്—
5. —ഘർ ഹൈ
6. —പാനി ഹൈ
7. യഹ്—ഹൈ
8. വഹ്—ഹൈ
9. യഹ്——
10. യഹ്——

II. ഉസ്താദ്, വർഗ്, മാലിക്, ആം, ഗായ് ഇവ ചേർത്തു ഓരോ വാക്യങ്ങൾ ഉണ്ടാക്കുക.

III. മലയാളത്തിൽ പരിഭാഷപ്പെടുത്തുക.

1. യഹ് ഗായ് നഹി ഹൈ
2. യഹ് കുത്താ ഹൈ
3. യഹ് മാലിക് ഹൈ
4. വഹ് ഉസ്താദ് ഹൈ
5. വഹ് ആദ്മി നഹി ഹൈ

IV. ഹിന്ദിയിൽ ആക്കുക.

1. ഈ പുസ്തകം
2. ഈ മാമ്പഴം
3. ആ അദ്ധ്യാപകൻ
4. ആ ക്ലാസ്സ്
5. ആ കടലാസ് അല്ല
6. ഈ കടലാസ് ആണ്
7. അതു ചേറ് അല്ല
8. അതു പാൽ ആണ്
9. തേങ്ങ അല്ല
10. അതു മാങ്ങയാണ്

ചില ജാലവിദ്യകൾ

(ആർ. മാധവപ്പൈ, ഇറവൂർ)


4. രാജാചീട്ടു റാണിയാകും.

കാണികളെ മയക്കുന്നതിനായി വലിയ ജാലവിദ്യക്കാർപോലും പ്രയോഗിക്കാറുള്ള ഒരു വിദ്യയാണ് ഇത്. ഇതിലേക്കു ഉതകത്തക്കവിധത്തിൽ ചീട്ടുകൾ മുൻകൂട്ടി തയ്യാറാക്കി വയ്ക്കേണ്ടതു് ആവശ്യമാണ്.

ചീട്ടുകെട്ടിലെ ഏതു ചീട്ടും എടുത്തു സൂക്ഷിച്ചുനോക്കിയാൽ അതു രണ്ടോ മൂന്നോ അടുക്കായിട്ടാണിരിക്കുന്നതു് എന്നു കാണാം. ഒരു രാജാചീട്ടെടുത്തു കുറേനേരം വെള്ളത്തിലിട്ടിരുന്നാൽ കുറച്ചു കഴിയുമ്പോൾ രാജാവിന്റെ പടം അച്ചടിച്ചിട്ടുള്ള ഘനംകുറഞ്ഞ കടലാസ്സും കട്ടിയുള്ള പുറംകടലാസ്സും വേർതിരിക്കാൻ സാധിക്കും. ഇങ്ങനെ ഒരു രാജാചീട്ടും ഒരു റാണിച്ചീട്ടും പിരിച്ചെടുക്കുക. നനവു മുഴുവൻ വിട്ടുപോയതിനു ശേഷം പടങ്ങൾ രണ്ടും നടുവേ മടക്കുക. ചീട്ടിന്റെ പുറമായ കട്ടിയുള്ള ഒരു കടലാസെടുത്തു അതിൽ ഒരററത്തു മടക്കിയ രാജാവിന്റെ പടവും മറേറ അററത്തു് അതുപോലെ റാണിയുടെ മടക്കും ഒട്ടിക്കുക. മടക്കു നിവർത്തി രാജാപടത്തിന്റെ മറേറ പകുതിയും റാണിപ്പടത്തിന്റെ പകുതിയുംകൂടി കൂട്ടിയൊട്ടിക്കുക. അരികുകൾക്കു

അല്പസ്വല്പമായ കോട്ടങ്ങളോ മറ്റോ വന്നുപോയിട്ടുണ്ടെങ്കിൽ നന്നായി കത്രിച്ച് ശരിപ്പെടുത്തണം. ഇത്രയുമായാൽ ചീട്ട് ഉപയോഗിക്കത്തക്കവിധത്തിൽ തയാറായതായി ഗണിക്കാം.

രാജാവിന്റെ പടവും റാണിയുടെ പടവുംകൂടി കൂട്ടിച്ചേർത്തൊട്ടിച്ചിരിക്കുന്ന ഭാഗം ചീട്ടിന്റെ വശത്ത് ഒരു കതകുപോലെ നില്ക്കും. അതു ഒരുവശത്തേക്കു മാററിയാൽ രാജാ. മറുവശത്തേക്കു മാററിയാൽ റാണി. ഇതാണ് ഈ വിദ്യയിലുള്ള സൂത്രം.




ചീട്ടു കൈയിലെടുത്തു കതകുപോലെ നില്ക്കുന്ന ഭാഗം കീഴ്പോട്ടു വിട്ടു് അററം ബലമായി ചേർത്തുപിടിച്ചു സദസ്യരെ കാണിക്കുക. അവർ സംശയരഹിതമായി രാജാചീട്ടെന്നു പറയട്ടെ. സംശയമൊന്നുമില്ലെന്നു് ഉറപ്പുവരുത്തുന്നതിലേക്കായി ചീട്ടിന്റെ മേലത്തെ അററം ചിലരെക്കൊണ്ടു തൊട്ടുനോക്കിക്കുക. ഒററച്ചീട്ടേ ഉള്ളൂ എന്നും അതു രാജാചീട്ടാണെന്നും അവർ സമ്മതിക്കും. അതിനുശേഷം ചീട്ടു കൈക്കുള്ളിലാക്കി രണ്ടു കൈയും കൂട്ടിപ്പിടിച്ചു കുറേനേരം എന്തോ ജപിക്കുന്നതുപോലെ, ധ്യാനനിരതനായി, കൈകൂപ്പി നില്ക്കുക. അനന്തരം, "മഹാമായേ!! മന്ത്രശക്തി!! എന്റെ കൈയിലെ രാജാവു റാണിയാക്കിത്തീർക്കണേ!!!" എന്നിങ്ങനെ പറയുക. ഇതേ അവസരത്തിൽത്തന്നെ സൂത്രത്തിൽ, കൈക്കുള്ളിൽ ഒതുങ്ങിനില്ക്കുന്ന ചീട്ടിലെ കതകുപോലെയുള്ള ഭാഗം മറുവശത്തേക്കു മടക്കിക്കളയുകയും വേണം. ഒന്നുരണ്ടു പ്രാവശ്യം കൂപ്പുകൈ അല്പം വിടുർത്തി പ്രാർത്ഥന ഫലിച്ചുവോ എന്നു് ആരായുന്ന ഭാവത്തിൽ സൂക്ഷിച്ചു നോക്കണം. അവസാനം, പ്രാർത്ഥന ഫലിച്ചതുപോലെ, വളരെ കൃതാർത്ഥതയോടും സന്തോഷത്തോടുംകൂടി കൈകൾ വിടുർത്തി ചീട്ടു മുൻപോലെ പിടിച്ചു സദസ്യരെ കാണിക്കുക. അവർ അതിശയിക്കുകതന്നെ ചെയ്യും. തിരിച്ചു പിടിച്ച റാണിച്ചീട്ടിന്റെ മുകൾഭാഗവും തൊട്ടുനോക്കുവാൻ അനുവദിക്കാവുന്നതാണ്.

ചീട്ടിന്റെ മടക്കു വല്ല കാരണവശാലും സദസ്യർ കാണുവാൻ ഇടയാകുന്നതു് അപഹാസ്യതയ്ക്കു ഹേതുവായിത്തീരും.

5. പുറത്തേവര തനിയെ ഉള്ളിലേക്കു പായും.

നിങ്ങളുടെ ഒരു സ്നേഹിതനെ അടുക്കൽ വിളിച്ചു് അയാളുടെ ഇടത്തുകൈ നീട്ടിക്കാണിക്കുവാൻ ആവശ്യപ്പെടുക. ആ കൈയിൽ ചെറുവിരലിനു കീഴായി ഉൾവശത്തു പടത്തിൽ കാണുമ്പോലെ മഷികൊണ്ടു് ഒരിഞ്ചിലധികം നീളമില്ലാത്ത ഒരു വര വരയ്ക്കുക. മഷി ഉണങ്ങ



ന്നതിനു മുൻപായി കൈ ചുരുട്ടുകയും പുറങ്കൈയിൽ, ഉള്ളങ്കൈയിലെ വരയ്ക്കു ശരിയായ സ്ഥാനത്തു് ആ വരയ്ക്കു കുറുകെയായി വരത്തക്കവിധത്തിൽ മറെറാരു വര വരയ്ക്കുകയും വേണം. അരനിമിഷം ധ്യാനനിരതനായി നിന്നശേഷം, "ഹാ! മന്ത്രദേവതേ!! പുറത്തെ വര അകത്തേക്കു പായിക്കു!!!" എന്നിങ്ങനെ പറഞ്ഞുകൊണ്ടു് ഒരു കൈലേസെടുത്തു പുറങ്കൈയ്യിലെ വര മുഴുവൻ നന്നായി തുടച്ചുകളയുക. പിന്നെയും എന്തോ ഒക്കെ ജപിക്കുന്നതുപോലെ ഭാവിച്ചു ചുരുട്ടിപ്പിടിച്ചിരിക്കുന്ന കൈയിൽ അല്പനേരം തലോടിക്കൊണ്ടിരിക്കണം. അനന്തരം സ്നേഹിതൻ പെട്ടെന്നു കൈ തുറക്കട്ടെ. ഹാ! എന്തൊരതിശയം!! സ്നേഹിതന്റെ ഉള്ളങ്കയ്യിൽ ഒരു വര മാത്രം വരച്ചിരുന്ന സ്ഥാനത്തു് ഇപ്പോൾ ഒരു ഗുണനചിഹ്നം കാണുമാറാകുന്നു!!!

യാതൊരു പ്രയാസവും കൂടാതെ പ്രയോഗിക്കുവാൻ സാധിക്കുന്ന ഒരു വിദ്യയാണിതു്. നിങ്ങളോരോരുത്തരും ഒരു പ്രാവശ്യം തനിയേ ഇതൊന്നു പരീക്ഷിച്ചുനോക്കുമെങ്കിൽ, ഇതിലടങ്ങിയിരുന്ന രഹസ്യം പെട്ടെന്നു തന്നെത്താനെ നിങ്ങൾക്കു മനസ്സിലാകും.

നാം ഉള്ളങ്കയ്യിൽ മഷികൊണ്ടു് ഒരു വര വരയ്ക്കുകയുണ്ടായല്ലോ. മഷി ഉണങ്ങുന്നതിനു മുൻപായി കൈ ചുരുട്ടിയാൽ ആ മഷി തന്നെത്താനെ മറെറാരു വര അവിടെ സൃഷ്ടിച്ചുകൊള്ളും. ഉള്ളങ്കയ്യിലുള്ള മടക്കുകളുടെ പ്രവൎത്തനഫലമായി തനിയെ അങ്ങനെ സംഭവിക്കുന്നതാണ്. പുറങ്കയ്യിൽ നാം വരയ്ക്കുന്ന വരയ്ക്കും ഉള്ളങ്കയ്യിൽ സ്വയമേവ നടക്കുന്ന ആ പ്രവൃത്തിക്കും തമ്മിൽ യാതൊരു ബന്ധവും ഇല്ല. പക്ഷെ രഹസ്യം കാണികളിൽനിന്നു മറച്ചുവയ്ക്കുന്നതിനും അവരെ അത്ഭുതാധീനരാക്കിത്തീൎക്കുന്നതിനും പുറത്തെ വരയും ധ്യാനനിഷ്ഠയും മററും ആവശ്യമായിത്തന്നെയിരിക്കുന്നു.

ചിഹ്നത്തിനു ശരിയായ രൂപം കിട്ടുവാൻ ഉള്ളങ്കയ്യിൽ വരയ്ക്കുന്ന വര അല്പം ചാഞ്ഞിരിക്കേണ്ടതു് ആവശ്യമാണ്. എത്രത്തോളം ചാഞ്ഞിരിക്കണമെന്നുള്ളതു രണ്ടു മൂന്നു തവണ സ്വന്തം കൈയിൽ പരീക്ഷിച്ചുനോക്കിയാൽ ശരിയായി മനസ്സിലാക്കാൻ സാധിക്കും.

നാണയത്തെപ്പററി

പണം ഇക്കാലത്തെ ദൈവമാണെന്നു പറയപ്പെടാറുണ്ടു്. അതിനെ ആരാധിക്കുന്നവർ ലോകത്തിന്റെ നാനാഭാഗങ്ങളിലും ഉണ്ടെന്നുള്ളതിനു സംശയമില്ല. ഏതായാലും പണത്തിനു മനുഷ്യജീവിതത്തിലുള്ള സ്ഥാനം എന്തായിരിക്കണമെന്നുള്ളതു സംബന്ധിച്ചു വളരെ തെററായ ധാരണകൾ ഉണ്ടെന്നുള്ളതു സമ്മതിക്കാതെ തരമില്ല.

പണം ധനമാണെന്നു മിക്കപേരും കരുതുന്നു. എന്നാൽ പണം ധനമല്ല. അതു ധനത്തിനായുള്ള ഒരു അവകാശമാണ്. എവിടെയെങ്കിലും ഗവമ്മെൻറിനെപ്പററി സംശയമുണ്ടാകുന്നെങ്കിൽ സംഭവിക്കാവുന്നതെന്തായിരിക്കുമെന്നു ഏറക്കുറെ നമുക്കു ഊഹിക്കാമല്ലോ. പൊതുവേയുള്ള ഒരു അധഃപതനമാണ് അതിന്റെ പ്രഥമഫലം. ധനികന്മാരുടെ ഇടയിൽ വലിയ സംശയവും ഭീതിയും ഉളവാകുന്നു. വെള്ളിനാണയങ്ങൾ അപ്രത്യക്ഷപ്പെടുന്നതാണ്. അതു ധനികന്മാരുടെ അറകളിലും ഇരുമ്പുപെട്ടികളിലുമാണ് ചെന്നു ഒളിക്കുന്നതു്. അങ്ങനെയുള്ള സന്ദൎഭമുണ്ടാകുന്നെങ്കിൽ ഒരു അഞ്ചു രൂപാ നോട്ടു മാറുന്നതിനു തന്നെ പ്രയാസമായിരിക്കും.

പണം ധനമല്ല. ധനം പണവുമല്ല. ധനം ലഭിക്കാനുള്ള ഒരു വഴി മാത്രമാണു പണം. ജീവിതത്തിന്റെ ഒഴിച്ചുകൂടാൻ പാടില്ലാത്തതായ ആവശ്യത്തിനുള്ള സാധനങ്ങളാണു ധനം. ഭക്ഷണം, വസ്ത്രം, വീടു മുതലായവ ധനമായി കരുതേണ്ടതാണ്.

പണത്തെ പൂജിക്കുകയെന്നുള്ളതു് ഈ അടുത്ത കാലത്തു ഉണ്ടായിട്ടുള്ള ഒരു കാൎയ്യമാണ്. വളരെ കാലങ്ങൾക്കു മുൻപു് അതു ഇത്രത്തോളം സാധാരണമായിരുന്നില്ല. നമ്മുടെ പൂൎവ്വികന്മാർ നമ്മേക്കാൾ ആത്മികരായിരുന്നു എന്നുള്ളതല്ല ഇതിന്റെ കാരണം. പ്രധാന കാരണം മുൻകാലങ്ങളിൽ പണത്തിനു ഇന്നുള്ളിടത്തോളം ആവശ്യമില്ലായിരുന്നു എന്നതാണ്. ജീവിതം ലളിതവും ആവശ്യങ്ങൾ ചുരുക്കവുമായിരുന്നു. ഓരോ ഗ്രാമങ്ങളിലും അവിടത്തെ ആവശ്യങ്ങൾക്കു വേണ്ട സാധനങ്ങൾ ലഭിക്കുമായിരുന്നു. കൃഷിക്കാർ ധാന്യങ്ങളും മററും കൃഷി ചെയ്തുണ്ടാ

ക്കി. ആശാരിമാർ കലപ്പ നന്നാക്കിക്കൊടുത്തു. നെയ്ത്തുകാർ വസ്ത്രങ്ങൾ നെയ്തുണ്ടാക്കി. വിളക്കു കൊളുത്താനും ഭക്ഷണത്തിൽ ചേർക്കാനുമുള്ള എണ്ണ ആട്ടുകാർ നല്കിക്കൊണ്ടിരുന്നു. ഒരു ഗ്രാമത്തിൽ വസിച്ചിരുന്നവർ യാതൊരു കാര്യത്തിനും മററുള്ളവരെ ആശ്രയിക്കേണ്ട ആവശ്യമില്ലായിരുന്നു. കൃഷിക്കാർ ധാന്യം കൊടുത്തിട്ടു എണ്ണയും വസ്ത്രവും വാങ്ങി. ആശാരിപ്പണിക്കായുള്ള പ്രതിഫലം ധാന്യമായി കൊടുത്താൽ മതിയായിരുന്നു. അവരവരുടെ ആവശ്യങ്ങൾ സാധനങ്ങൾ പരസ്പരം കൈമാറി സാധിച്ചുവന്നു.

ഇന്നു നമ്മുടെ ആവശ്യങ്ങൾ കണക്കില്ലാതെ വർദ്ധിച്ചിരിക്കുന്നു. കൈമാററസമ്പ്രദായം ഇന്നു ഇല്ലെന്നില്ല. എന്നാൽ യാതൊരു പ്രദേശവും അന്യരെ ആശ്രയിക്കാതെ കഴിഞ്ഞുകൂടാവുന്നതായി സ്ഥിതിചെയ്യുന്നില്ല. ഒരു കൃഷിക്കാരന്റെ ആവശ്യത്തിനുള്ള സാധനങ്ങൾപോലും കൃഷിയിൽനിന്നു ഉണ്ടാകുന്നില്ലല്ലോ. ആവശ്യമുള്ള സാധനങ്ങൾ വാങ്ങിക്കാനായി അവനു അന്യസ്ഥലങ്ങളിലേക്കു പോകേണ്ടയാവശ്യമുണ്ട്. നാലഞ്ചിടങ്ങഴി നെല്ലു കൊണ്ടുപോയി കൊടുത്താൽ ഒരു തീവണ്ടിസ്റ്റേഷനിൽനിന്നു മറെറാരു സ്ഥലത്തേക്കു പോകാനുള്ള ടിക്കററു കിട്ടുന്നതല്ല. ഒരുവൻ അങ്ങനെ ചെയ്യുകയാണെങ്കിൽ അതു എന്തൊരു നേരംപോക്കായിരിക്കുമെന്നു ഓർക്കുക. അവനു നികുതി കൊടുക്കാനുണ്ട്. കരംപിരിവുകാർ സാധനങ്ങൾ ഒന്നും സ്വീകരിക്കുകയില്ല.

അമേരിക്കയിൽ ഉണ്ടാക്കിയ ഒരു വിളക്കു അവനു വേണമെന്നിരിക്കട്ടെ. ഒരു ചാക്കിൽ കുറെ നെല്ലുമായി അവൻ പട്ടണത്തിലേക്കു തിരിച്ചു എന്നു വിചാരിക്കുക. അവൻ പീടികതോറും നടന്നു നെല്ലിനു പകരം വിളക്കു തരണമെന്നു പറയും. "ഇവിടെ പണമാണു വേണ്ടതു്. വിളക്കു വേണമെങ്കിൽ പണം കൊണ്ടുവരണം" എന്നു കച്ചവടക്കാർ പറഞ്ഞേക്കും. പലപല ആവശ്യങ്ങൾക്കും ഒരു കൃഷിക്കാരനു പണത്തിന്റെ ആവശ്യമുണ്ട്. ഇന്നത്തെ സാമൂഹ്യജീവിതത്തിൽ പണത്തിനുള്ള പ്രാധാന്യം ഇതുമാത്രമാണ്. പണം അതിൽതന്നെ വിലയുള്ളതല്ല. എന്നാൽ നമുക്കു ആവശ്യമുള്ള വസ്തുക്കൾ ലഭിക്കുവാൻ അതുമൂലമുണ്ടാകുന്ന സൗകര്യം മൂലമാണ് അതിനു വിലയുള്ളതു്. ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ പ്രതിദിനജീവിതത്തിൽ സാധനങ്ങൾക്കു പകരം സാധനങ്ങൾ നല്കുകയെന്നുള്ളതു തീരെ പ്രായോഗികമല്ല. പണം എല്ലാ വിധത്തിലും സൗകര്യപ്രദമാണ്.

പണം നമുക്കു എന്തെങ്കിലും വാങ്ങിക്കാനുള്ള ശക്തിയുടെ ലക്ഷ്യമാണ്. നമുക്കു കൂടുതൽ പണമുണ്ടെങ്കിൽ കൂടുതൽ സാധനങ്ങൾ വാങ്ങിക്കാനുള്ള ശക്തിയുണ്ടാകുന്നു. ഇവിടെയാണു നാം പ്രത്യേകം സൂക്ഷിക്കേണ്ടതു്. നമുക്കു സാധനങ്ങൾ നിർമ്മിക്കാനുള്ള കഴിവനുസരിച്ചു മാത്രമെ നാം പണത്തിനായി ആഗ്രഹിക്കാവൂ. നാം നിർമ്മിക്കുന്ന സാധനങ്ങളിൽനിന്നു എന്തുമാത്രം വരുത്താമോ അത്രയും സാധനങ്ങൾ വാങ്ങിക്കുന്നതിനു മാത്രമേ നാം ഉദ്ദേശിക്കാവൂ. നമ്മുടെ വരവു എന്തുമാത്രമുണ്ടെന്നു കണ്ടിട്ടു് അതനുസരിച്ചു നാം ചെലവു ചുരുക്കണം അല്ലെങ്കിൽ നിയന്ത്രിക്കണം. അങ്ങനെ ചെയ്താൽ അയോഗ്യമായ വഴികളിൽ കൂടിയുള്ള ആദായമോ അമിതമായ ചെലവോ ഉണ്ടാകുന്നതല്ല.

മൊട്ടുസൂചിപ്പണം

മൊട്ടുസൂചികൾ സാധാരണ ഉപയോഗത്തിൽ വന്നുതുടങ്ങിയതു് 1570 മുതലാണ്. ആദ്യകാലത്തു മൊട്ടുസൂചിക്കു വലിയ വിലയായിരുന്നു. ധനികന്മാർക്കു മാത്രമേ അതു വാങ്ങിക്കുവാൻ സാധിക്കുമായിരുന്നുള്ളു. അക്കാലത്തു മൊട്ടുസൂചികൾ ജനുവരിമാസം ഒന്നും രണ്ടും തീയതികളിൽ മാത്രമേ വില്ക്കാവൂ എന്നു ഒരു ചട്ടമുണ്ടായിരുന്നു. അതിനാൽ അന്നു മൊട്ടുസൂചി വാങ്ങിക്കുവാൻ സ്ത്രീകൾ ഭർത്താക്കന്മാരോടു പലപ്പോഴായി പണം വാങ്ങിച്ചു സൂക്ഷിക്കുമായിരുന്നു. ഇങ്ങനെ പലനാൾ കിട്ടിയ പണമെല്ലാം ഉപയോഗിച്ചു് ഒരാണ്ടത്തെ ആവശ്യത്തിനുള്ള മൊട്ടുസൂചി വാങ്ങിച്ചുവന്നു. ഈ പണത്തിനു 'മൊട്ടുസൂചിപ്പണം' (pin-money) എന്നു പറയാറുണ്ടായിരുന്നു. ഇക്കാലത്തു ഈ വക ബദ്ധപ്പാടൊന്നും ആവശ്യമില്ല. 'മൊട്ടുസൂചിപ്പണം' എന്നു പറഞ്ഞാൽ ഇക്കാലത്തു വേറൊരർത്ഥമാണുള്ളതു്. ഒരുവൻ തന്റെ ഭാര്യയുടെ ഇഷ്ടംപോലെ ഉപയോഗിക്കാൻ കൊടുക്കുന്ന പണത്തിനു 'മൊട്ടുസൂചിപ്പണം' എന്നു പറയുന്നതാണ്. യാദൃച്ഛികമായി, ആവശ്യമെന്നു തോന്നുന്ന സാധനങ്ങൾ വാങ്ങിക്കുവാനായി നീക്കിവയ്ക്കുന്ന തുകയ്ക്കും 'മൊട്ടുസൂചിപ്പണം' എന്നു പറയാം.

അവസരോചിതമായ പ്രവൃത്തി

ഒരു ആഫ്രിക്കൻ കഥ

ഇന്ദോയി കിഴങ്ങു പൊടിച്ചു തീൎത്തു. അവൾ പൊടി ഒരു മുറത്തിൽ വാരി എടുത്തു അമ്മയെ ഏല്പിക്കാനായി അതു കയ്യിൽ എടുത്തു പിടിച്ചുകൊണ്ടുനിന്നു. അമ്മ കുറേശ്ശ പൊടി എടുത്തു തിളച്ചുകൊണ്ടിരുന്ന വെള്ളത്തിൽ ഇട്ടു് ഇളക്കിക്കൊണ്ടിരുന്നു.

ഇന്ദോയി ഒരു ആഫ്രിക്കൻബാലികയായിരുന്നു. നീലനിറത്തിലുള്ള വസ്ത്രമാണു് അവൾ ധരിച്ചിരുന്നതു്. അവളുടെ കാലുകളിൽ ചെമ്പുവളകൾ ഉണ്ടായിരുന്നു. ഒരു മൃഗത്തിന്റെ ചെറിയ കൊമ്പു കിഴിച്ചു ചരടിൽ കോൎത്തു് അവൾ മാലയായി ധരിക്കുകയും ചെയ്തിരുന്നു.



മുൻപറഞ്ഞ വിധത്തിൽ ഇന്ദോയി മാതാവിന്റെ സമീപത്തു നില്ക്കുമ്പോൾ ഒരു യുവതി ഒരു കുഞ്ഞിനേയും എടുത്തുകൊണ്ടു പുരയുടെ പിൻഭാഗത്തുകൂടി അവരുടെ അടുക്കലേക്കു വന്നു. അവൾ ഇന്ദോയിയുടെ മൂത്ത സഹോദരിയായിരുന്നു. അവളുടെ വിവാഹത്തിനു മുൻപു് അവർ ഒരുകൊല്ലം ഒരു ബോർഡിങ്ങുസ്കൂളിൽ പഠിച്ചിട്ടുണ്ടു്. താമാ എന്നായിരുന്നു അവളുടെ പേരു്.

സഹോദരിയെപ്പററി ഇന്ദോയിക്കു വലിയ സ്നേഹമായിരുന്നു. ആ ഗ്രാമത്തിലുള്ള മററാൎക്കും അറിയാൻ പാടില്ലാതിരുന്ന പല പുതിയ കാൎയ്യങ്ങളും താമായ്ക്കു് അറിയാമായിരുന്നു എന്നുള്ളതാണു് അതിന്റെ കാരണം.

സഹോദരിയേയും കുഞ്ഞിനേയും കണ്ടപ്പോൾ ഇന്ദോയി വളരെ സന്തോഷിച്ചു. അവൾ കുഞ്ഞിനെ വാങ്ങിക്കാനായി കൈ നീട്ടി. എന്നാൽ താമാ തല കുലുക്കിയതേ ഉള്ളു.

ഒടുവിൽ താമാ പറഞ്ഞു, "വൈകിട്ടു ഭക്ഷണം കഴിഞ്ഞാലുടൻ നീ വീട്ടിലേക്കു വരണം. ആരോടും ഒന്നും പറയണ്ടാ. ഒരു ചെറിയ ആവശ്യമുണ്ടു്." ഇത്രയും പറഞ്ഞശേഷം അമ്മ നോക്കുന്നതിനു മുൻപു് അവൾ അവിടെനിന്നു പോവുകയും ചെയ്തു.

ഇന്ദോയി വളരെ ആശ്ചൎയ്യപ്പെട്ടു. അത്താഴം കഴിഞ്ഞശേഷം അവൾ സഹോദരിയുടെ വീട്ടിലേക്കു പോയി. താമാ അവളുടെ വരവു പ്രതീക്ഷിച്ചു കാത്തിരിക്കുകയായിരുന്നു.

ഇന്ദോയി വന്നപ്പോൾ താമായുടെ മകൾ ഉറങ്ങുകയായിരുന്നു. ഇളയ കുട്ടിയെ താമാ എടുത്തിരുന്നു.

താമായുടെ രഹസ്യം അറിയാനുള്ള താല്പൎയ്യത്തിൽ ഇന്ദോയി അടുത്തുചെന്നു. താമാ പറഞ്ഞുതുടങ്ങി.

"ഒരു ഭയങ്കരകാൎയ്യം സംഭവിച്ചിരിക്കുന്നു. ആരോടും പറയാതിരിക്കാമെങ്കിൽ നിന്നെ അറിയിക്കാം. ഈ കുഞ്ഞിന്റെ മോണയ്ക്കൊന്നു തൊട്ടു നോക്കുക."

ഇന്ദോയിക്കു കാൎയ്യം മനസ്സിലായി. അവൾ വളരെ പരിഭ്രമിച്ചു. കുഞ്ഞിനു് ഒരു പല്ലുണ്ടായി. പക്ഷെ, അതു മുകളിലത്തെ മോണയിലായിരുന്നു. ദേവന്മാരുടെ ശാപം കിട്ടിയിട്ടുള്ള കുഞ്ഞുങ്ങൾക്കു മാത്രമേ മുകളിലത്തെ മോണയിൽ പല്ലുണ്ടാകയുള്ളു എന്നായിരുന്നു അവിടുത്തെ ജനങ്ങളുടെ വിശ്വാസം. അങ്ങനെയുള്ള കുഞ്ഞുങ്ങളെ കൊന്നുകളയുകയും ചെയ്യുമായിരുന്നു.

താമാ തുടൎന്നു. "ഇതു ശാപംമൂലമുണ്ടായിട്ടുള്ളതാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. ആ നേഴ്സ് ഞങ്ങളോടു പ്രത്യേകം പറഞ്ഞിട്ടുണ്ടു്, അതുകൊണ്ടു് ഒരു ദോഷവും വരാനില്ലെന്നു്. ഈ കുഞ്ഞിനെ കൊല്ലാൻ ഞാൻ സമ്മതിക്കുകയില്ല. നീ എന്നെ സഹായിക്കണം."

ഇന്ദോയി പരിഭ്രമിച്ചു വിറച്ചുതുടങ്ങി. അവൾക്കൊ താമായ്ക്കൊ യാതൊന്നും ചെയ്വാൻ സാദ്ധ്യമായിരുന്നില്ല. ആ ഗ്രാമത്തിലെ പ്രായം ചെന്ന സ്ത്രീകൾ പല്ലു കാണുമ്പോൾ കുഞ്ഞിനെ കൊല്ലുമെന്നു് അറിയാമായിരുന്നു. മുകളി



ലത്തെ മോണയിൽ ആദ്യം പല്ലുണ്ടാകുന്ന കുട്ടിയെ കൊല്ലാത്തപക്ഷം ആ കുട്ടി ജനിച്ച ഗ്രാമത്തിൽ പകച്ചവ്യാധികളും മററു നാശങ്ങളും ഉണ്ടാകുമെന്നായിരുന്നു അവരുടെ വിശ്വാസം.

"നമ്മുടെ പെൺകുഞ്ഞിൻെറ കാര്യമോർത്താണ്," താമാ പറഞ്ഞു. "അല്ലെങ്കിൽ ഞാൻ നിന്നെപ്പോലും വിശ്വസിക്കുകയില്ലായിരുന്നു. അവനെ എടുത്തുകൊണ്ടു ഞാൻ ഇപ്പോൾതന്നെ പോകുമായിരുന്നു"

"എനിക്ക് എന്തുചെയ്യാൻ സാധിക്കും?" ഇന്ദോയി ചോദിച്ചു. താമായുടെ മറുപടി ഇതായിരുന്നു. "നീ അവനെ സ്കൂളിൽ കൊണ്ടുപോയി ഏല്പിച്ചാൽ മതി. നീ പോയേ സാധിക്കൂ. ഞാൻ പോകാമായിരുന്നു. പെൺകുഞ്ഞു കരയും. അപ്പോൾ എല്ലാവരും അറിയും. പിന്നെ രക്ഷയൊന്നുമില്ല. രണ്ടു കുട്ടികളേയും എടുത്തുകൊണ്ടു നടക്കുവാൻ സാധിക്കുകയുമില്ല. വെളുപ്പിനു പ്രകാശമാകുന്നതിനു മുൻപുതന്നെ പോകണം. സ്ത്രീകളൊക്കെ വയലിൽ പോകാനിറങ്ങുന്നതിനു മുൻപു നീ ഈ ഗ്രാമം കടന്നിരിക്കണം."

"കൊച്ചമ്മ എന്താണീ പറയുന്നത്!" ഇന്ദോയിയുടെ രണ്ടാമത്തെ ചോദ്യമിതായിരുന്നു.

വളരെ ദീർഘമായ ഒരു യാത്രയാണ് ചെയ്യേണ്ടിയിരുന്നത്. വല്ലവരും അറിഞ്ഞു പിന്നാലെ ചെന്നെങ്കിൽ ഇന്ദോയിക്കും തക്ക ശിക്ഷ കിട്ടുമായിരുന്നു. വഴിയിൽ ദുഷ്ടമൃഗങ്ങളും കണ്ടേക്കാമെന്ന് അവൾ ഓർക്കാതിരുന്നില്ല. പോരെങ്കിൽ കുഞ്ഞിനെ ശപിച്ച ദേവന്മാരുടെ കോപം അവളുടെമേൽ വരാനും ഇടയുണ്ടായിരുന്നു.

ഒടുവിൽ ഇന്ദോയി സമ്മതിച്ചു. അവൾ കുഞ്ഞിനെ വളരെ സ്നേഹിച്ചു. അവനെ കൊല്ലുന്ന കാര്യത്തിനു അവൾക്കു തീരെ സമ്മതമില്ലായിരുന്നു. ആ സഹോദരിമാർ അടുത്തദിവസം നിർവ്വഹിക്കേണ്ടിയിരുന്ന വീരകൃത്യത്തെപ്പററി വേണ്ടതൊക്കെ നിശ്ചയിച്ചു. പിന്നീട് ഇന്ദോയി തിരിച്ചുപോയി. അവൾ പലതും ചിന്തിച്ചുകൊണ്ടു നടന്നു വീട്ടിലെത്തി. ഉറങ്ങാൻ കിടന്നിട്ടു വളരെ നേരത്തേക്ക് അവൾക്ക് ഉറക്കം വന്നില്ല. കുറച്ചൊന്ന് ഉറങ്ങിയശേഷം ഉണർന്ന് അവൾ സഹോദരിയുടെ വീട്ടിലേക്കു പോയി. അവിടെ യാത്രയ്ക്കുള്ള ഒരുക്കങ്ങൾ അവർ വേഗത്തിൽ പൂർത്തിയാക്കി. നേരം പ്രഭാതമാകുന്നതിനു മുൻപുതന്നെ ഇന്ദോയി യാത്ര ആരംഭിച്ചു. താമാ കുറേനേരം നോക്കിനിന്നശേഷം സ്വസ്ഥാനത്തു വന്നു കിടക്കുകയും ചെയ്തു

ഇന്ദോയിക്കു കുഞ്ഞിനെയുംകൊണ്ട് എട്ടു മൈൽ നടക്കേണ്ടിയിരുന്നു. അവൾ എങ്ങും നില്ക്കാതെ നടന്നു. യാതൊരു ആപത്തും കൂടാതെ അവൾ ഒരു നദീതീരത്തു ചെന്നുചേർന്നു. അവൾ അവിടെ ഇരുന്നു വിശ്രമിക്കുകയും കുഞ്ഞിനു വേണ്ടി എടുത്തിരുന്ന ആഹാരം അവനു കൊടുക്കുകയും ചെയ്തു. അതിൻെറ ശേഷം അവൾ കുഞ്ഞിനേയുംകൊണ്ടു നദി കടന്നു.



കുറേക്കൂടി നടന്നപ്പോൾ സ്കൂളും അതോടു ചേർന്ന മററു കെട്ടിടങ്ങളും അവൾ കണ്ടു. അതെല്ലാം ഒരു കുന്നിൻെറ പുറത്തായിരുന്നു സ്ഥിതിചെയ്തിരുന്നതു്.

ഇന്ദോയി സ്കൂളിൻെറനേരെ നടന്നപ്പോൾ അവിടെ പഠിച്ചുകൊണ്ടിരുന്ന ഒരു പെൺകുട്ടി അവളെ കാണുവാനിടയായി.

ആ പെൺകുട്ടി അടുത്തുവന്നു്, ഇന്ദോയിയോടു ചോദിച്ചു. "കുഞ്ഞിനു സുഖക്കേടു വല്ലതുമാണോ? എന്നാൽ വേഗം ആശുപത്രിയിലേക്കു കൊണ്ടുപോകാം."

"ഒന്നുമില്ല", ഇന്ദോയി പറഞ്ഞു, "എനിക്കു നേഴ്സിനെ ഒന്നു കാണണം." അവൾ ഇത്രയും പറഞ്ഞതു തന്നെ ഭയത്തോടുകൂടെയായിരുന്നു.

"നമുക്കു് ഉടനെ തന്നെ കാണാമല്ലോ." ആ വിദ്യാർത്ഥി പറഞ്ഞു, "ഞാൻ ഇവിടെ പഠിക്കുകയാണു്. വല്ല സഹായവും വേണമെങ്കിൽ ചെയ്യുതരാം."

പെട്ടെന്നു് ഇന്ദോയി നേഴ്സിൻെറ അടുത്തെത്തി. അവർ കുട്ടിയെ സ്നേഹപൂർവ്വം സ്വീകരിച്ചു വേണ്ടവിധത്തിൽ ശുശ്രൂഷിച്ചു.

ഇതൊക്കെ കണ്ടപ്പോൾ ഇന്ദോയി വളരെ സന്തോഷിച്ചു. അവളുടെ ക്ഷീണം നീങ്ങത്തക്ക വിധത്തിലുള്ള ഭക്ഷണങ്ങളും ലഭിച്ചു. അന്നു രാത്രിയിൽ അവൾ അവിടെത്തന്നെ ഉറങ്ങി.

അടുത്തദിവസം ഉണർന്നപ്പോൾ അറിഞ്ഞ ഒരു കാര്യം നിമിത്തം അവൾ പരിഭ്രമിച്ചു. രാത്രിയിൽ അവളുടെ ബന്ധുജനങ്ങളിൽ ചിലർ അവിടെ എത്തി.

ഇന്ദോയിയുടെ അമ്മയും സഹോദരീഭർത്താവും വേറെ ചിലരുമായിരുന്നു അവിടെ ചെന്നതു്. കുഞ്ഞിനേയുംകൊണ്ടു് ഇന്ദോയി അവിടെ സുഖമായി എത്തി എന്നറിഞ്ഞപ്പോൾ അവർ സന്തോഷിച്ചതേ ഉള്ളു. അവൾകൂടി അവിടെ താമസിച്ചു പഠിച്ചുകൊള്ളുവാനും കുഞ്ഞിനെ അവിടെ സ്വീകരിച്ചുകൊള്ളുവാനും സമ്മതിച്ചശേഷം അവർ തിരിച്ചുപോയി എന്നും ഇന്ദോയി ഗ്രഹിച്ചു. അതു് അവൾക്കു വളരെ സന്തോഷത്തിനു കാരണമായി എന്നു പറയണമെന്നില്ലല്ലോ.

നേഴ്സ് പറഞ്ഞു, "താമായെ ഞാൻ മറന്നിട്ടില്ല. അവളുടെ കുഞ്ഞിനെ ഇവിടെ സംരക്ഷിക്കുവാൻ ഞങ്ങൾക്കു വളരെ സന്തോഷമുണ്ടു്. കുറേ കഴിയുമ്പോൾ നിനക്കും അവനും നിങ്ങളുടെ ഗ്രാമത്തിലേക്കു തിരിച്ചുപോയാൽ കുഴപ്പമില്ലെന്നുള്ള സ്ഥിതി വരും. ദുഷ്ടാത്മാക്കളെയൊന്നുമല്ല നാം ഭയപ്പെടേണ്ടതു്. ദൈവത്തെ നാം ഭയപ്പെടണം. ഈ പരമാത്മം ഒരുകാലത്തു നിങ്ങളുടെ ആളുകളെ ഗ്രഹിപ്പിക്കുവാൻ നിനക്കു സാധിച്ചു എന്നു വരാം. ദൈവം എല്ലാ മനുഷ്യരേയും സ്നേഹിക്കുന്നു."

കൊച്ചുകുഞ്ഞിനെ വായിച്ചു കേൾപ്പിക്കാൻ

പിനോഷ്യോ

(ഒരു ഇററാല്യൻ പഴങ്കഥ)

പണ്ടു പണ്ടു് ഗെപ്പേറോ എന്നു പേരുള്ള ഒരു വൃദ്ധൻ ജീവിച്ചിരുന്നു. തടികൊണ്ടു് പാവകളും മററു കളിസാമാനങ്ങളും ഉണ്ടാക്കുകയായിരുന്നു അദ്ദേഹത്തിൻെറ തൊഴിൽ. തൻെറ ജോലി ചെയ്യുന്നതിനു ഗെപ്പേറോയിക്കു അസാമാന്യമായ ഉത്സാഹവും സന്തോഷവും ഉണ്ടായിരുന്നു. പലേവിധത്തിൽ അനങ്ങുന്ന പാവകളെ അദ്ദേഹം ഉണ്ടാക്കിവന്നു. എന്നിങ്കിലും ഒരിക്കൽ നടക്കുകയും ഓടുകയും ചാടുകയും പാടുകയും ചെയ്യുന്ന ഒരു പാവയെ ഉണ്ടാക്കണം എന്നു് അയാൾക്കു മോഹമുണ്ടായി.

ഒരു ദിവസം രാവിലെ പിനോഷ്യോ ഉണർന്നു് വീടെല്ലാം അടിച്ചുവാരി വൃത്തിയാക്കി. അതിൻെറ ശേഷം ഉച്ചഭക്ഷണം ഒരു തുണിയിൽ കെട്ടി ഭാണ്ഡമാക്കി അതുംകൊണ്ടു് കാട്ടിലേക്കു പോയി. താൻ ആഗ്രഹിച്ചവിധത്തിലുള്ള ഒരു പാവയെ ഉണ്ടാക്കാനുള്ള വിശേഷതരം തടി അന്വേഷിച്ചുനടന്നു. പക്ഷേ വളരെനേരം നടന്നിട്ടും അയാൾക്കു വേ



ണ്ടവിധത്തിലുള്ള തടി കിട്ടിയില്ല. നടന്നു ക്ഷീണിച്ചശേഷം വിശ്രമിക്കാനായി പിനോഷ്യോ ഒരിടത്തിരുന്നു. കുറെക്കഴിഞ്ഞപ്പോൾ അവിടെ ഒരു അമ്മൂമ്മ കൂനിക്കൂനി വന്നുകൂടി.

"ഞാൻ തീരെ പാവപ്പെട്ട ഒരു കിഴവിയാണേ," എന്ന് ആ സ്ത്രീ പറഞ്ഞു.

"ഞാനും അതുപോലെ തന്നെ സാധുവായ ഒരു മനുഷ്യനാണ്. പക്ഷേ എന്റെ കൈവശമുള്ള അല്പഭക്ഷണം നമുക്കു രണ്ടാൾക്കുംകൂടി കഴിക്കുന്നതിനു വിരോധമില്ലെങ്കിൽ കഴിക്കാം" എന്നു ഗെപ്പേറോ മറുപടി പറഞ്ഞു.

അയാൾ തുണിക്കെട്ടഴിച്ച് ഭക്ഷണസാധനങ്ങളിൽ പകുതി ആ കിഴവിക്കു കൊടുത്തു. അവർ രണ്ടുപേരും തിന്നുകഴിഞ്ഞശേഷം ഗെപ്പേറോ അമ്മൂമ്മയോട് താൻ നിർമ്മിക്കാൻ ആഗ്രഹിച്ച പാവയെക്കുറിച്ചു പറഞ്ഞു. വളരെനേരം നോക്കിനടന്നിട്ടും അതിനു തക്ക തടി കിട്ടിയില്ല എന്നും പറഞ്ഞു. ഒരുപക്ഷേ അയാൾ ആഗ്രഹിച്ചതുപോലെ ഓടുകയും ചാടുകയും പാടുകയും ചെയ്യുന്ന പാവയെ ഉണ്ടാക്കാൻ ആർക്കും സാധിക്കയില്ലായിരിക്കും എന്നും ആ സ്ത്രീയോടു പറഞ്ഞു.

"നിരാശപ്പെടേണ്ടാ, തനിക്ക് ആവശ്യമുള്ള തടി കിടക്കുന്ന സ്ഥലം എനിക്കറിയാം. എന്റെകൂടെ വന്നാൽ ഞാൻ കാണിച്ചുതരാം" എന്നു ആ കിഴവി പറഞ്ഞു.

ഗെപ്പേറോ അമ്മൂമ്മയുടെ കൂടെ പോയി. വെട്ടിയിട്ടിരുന്ന ഒരു വൃക്ഷത്തിന്റെ അടുക്കൽ ചെന്നു. "ഇതിന്റെ കുറെ തടി വെട്ടിമുറിച്ചുകൊണ്ടുപോയി ഒരു പാവയെ ഉണ്ടാക്കുക. ആ പാവ ഓടുകയും ചാടുകയും പാടുകയും മറ്റും ചെയ്യും. അതിനെ ഉണ്ടാക്കിക്കഴിഞ്ഞശേഷം താൻ അതിനു പിനോഷ്യോ എന്നു പേരിടണം" എന്നു സ്ത്രീ പറഞ്ഞു.

തന്റെ ആവശ്യത്തിനു തക്ക തടി കിട്ടിയതുകൊണ്ട് ഗെപ്പേറോയിക്ക് അതിയായ സന്തോഷം ഉണ്ടായി. പക്ഷേ അയാൾ പറഞ്ഞ കൃതജ്ഞതാസൂചകമായ വാക്കുകൾ കേൾക്കാൻപോലും താമസിക്കാതെ ആ വല്യമ്മ അപ്രത്യക്ഷയായി.

ആ സ്ത്രീയെ ഇത്ര വേഗത്തിൽ കാണാതായതെന്താണെന്നോർത്തു ഗെപ്പേറോ അത്ഭുതപ്പെട്ടു. അത് ഒരു സുമനോഹരയായ വനദേവതയാണെന്നുള്ള കാര്യം അയാൾ അറിഞ്ഞില്ല.

ആ വനദേവത ആ വനത്തിൽ തന്നെ ഒരിടത്തു വസിച്ചിരുന്നു. ഗെപ്പേറോ തടി അന്വേഷിച്ചു നടന്നു ക്ഷീണിച്ചതു കണ്ടിട്ടു സഹതാപം തോന്നി അയാളെ സഹായിക്കാൻ ആഗ്രഹിച്ചാണ് കിഴവിയുടെ വേഷത്തിൽ അവർ അയാളുടെ അടുക്കെ ചെന്നത്.

ആ വനദേവത കാണിച്ചുകൊടുത്ത തടി കുസൃതിക്കാരനായ ഒരു വനദേവതയുടേതായിരുന്നു. ആ തടിക്കു തന്നെ ആ മന്ത്രവാദിയുടെ സ്വഭാവവിശേഷങ്ങൾ ലഭിച്ചിരുന്നതുകൊണ്ട് ആ തടികൊണ്ടുണ്ടാ

ക്കുന്ന പാവയ്ക്കും ആ ലക്ഷണം ഉണ്ടാകുമെന്നും അതു ലോകത്തിലേക്കും അത്ഭുതകരമായ ഒരു പാവയായിരിക്കുമെന്നും അവർ അറിഞ്ഞിരുന്നു.

ഗെപ്പേറോയിക്കു പാവയെ പണിതുണ്ടാക്കാൻ ധൃതിയായി. ഉടൻതന്നെ വീട്ടിലേക്കു തിരിച്ചു. പോകുന്ന വഴിക്കു ആ സ്ത്രീയെക്കുറിച്ചും, ആ സ്ത്രീ തന്നോടു പറഞ്ഞ വാക്കുകളെക്കുറിച്ചും ചിന്തിച്ചുകൊണ്ടു നടന്നു. പിനോഷ്യോ എന്ന അസാധാരണനാമം ആ പാവയ്ക്ക് ഇടണമെന്ന് അവർ പറഞ്ഞതിനെക്കുറിച്ചും ആലോചിച്ചു. പേരു മറന്നുപോയേക്കുമെന്നു സംശയിച്ചു "പിനോഷ്യോ, പിനോഷ്യോ" എന്ന് ഉരുവിട്ടുകൊണ്ടു നടന്നു.

വീട്ടിൽ എത്തിയ ഉടനെ തന്നെ ഗെപ്പേറോ പാവയെ പണിയുവാൻ തുടങ്ങി. വേഗംതന്നെ തല ആകൃതിയിൽ ആയി. പിന്നീടു കണ്ണുകൾ രണ്ടും ഉണ്ടാക്കി. എന്തൊരത്ഭുതം. ആ കണ്ണുകൾ ഗെപ്പേറോയെ തുറിച്ചുനോക്കി. അവ അടയുകയും തുറക്കുകയും ചെയ്തു. അതു കണ്ടപ്പോൾ അയാൾ സന്തോഷംകൊണ്ടു കൈകൊട്ടിപ്പോയി. ഇത്ര അത്ഭുതകരമായ ഒരു പാവയെ ആരെങ്കിലും എന്നെങ്കിലും ഉണ്ടാക്കിയിട്ടുണ്ടോ?

"ഞാൻ നിനക്കു ഒരു നല്ല ചെറിയ മൂക്കുണ്ടാക്കി തരട്ടെ" എന്നു പറഞ്ഞുകൊണ്ടു ഗെപ്പേറോ ഒരു ചെറിയ മൂക്കുണ്ടാക്കാൻ തുടങ്ങി. പക്ഷേ അതു ചെറുതാക്കാൻ ശ്രമിക്കുന്തോറും അതിനു നീളം കൂടിക്കൂടി വന്നു. ഒടുവിൽ ഗെപ്പേറോ തന്നെ കുഴങ്ങി. "മൂക്ക് അങ്ങനെ തന്നെ ഇരിക്കട്ടെ" എന്നു പറഞ്ഞുകൊണ്ട് ആ നീണ്ട മൂക്കു തന്നെ അയാൾ ആ പാവയ്ക്കു വച്ചു.

പിന്നെ ഗെപ്പേറോ പിനോഷ്യോയുടെ വാ ഉണ്ടാക്കാൻ ആരംഭിച്ചു. വാ ഉണ്ടാക്കിത്തീർന്നയുടനെ പിനോഷ്യോ സംസാരിക്കാൻ തുടങ്ങി. കുറേക്കഴിഞ്ഞു പാട്ടു പാടാനും തുടങ്ങി. ഗെപ്പേറോയിക്കു സന്തോഷവും അത്ഭുതവും വർദ്ധിച്ചു. അതിനെ കഴിയുന്നതും വേഗം ഉണ്ടാക്കിത്തീർക്കണം എന്നായി അയാളുടെ ആലോചന.

അധികനേരം കഴിയുന്നതിനു മുൻപു കൈകൾ രണ്ടും തീർന്നു. പക്ഷേ വിരലുകൾ ഭംഗിയായോ എന്നു നോക്കാനായി പണിക്കാരൻ കുനിഞ്ഞു നോക്കിയപ്പോൾ പിനോഷ്യോ അയാളുടെ തൊപ്പി കൈക്കലാക്കി.

"പിനോഷ്യോ, ഇതു തീരെ മോശമായ കൃത്യം തന്നെ. എന്റെ തൊപ്പി തിരികെ തരിക" എന്നു ഗെപ്പേറോ പറഞ്ഞിട്ടും ആ പാവ ഉറക്കെ വർത്തമാനം പറകയും പാട്ടു പാടുകയും ചെയ്തു ലഹള കൂട്ടിയതേയുള്ളൂ. പിനോഷ്യോ തൊപ്പി സ്വന്തം തലയിൽ തന്നെ വച്ചു. ഗെപ്പേറോ വിഷമിച്ചു. "പിനോഷ്യോ, നീ എന്നെ അനുസരിക്കണം" എന്നു ഉറക്കെപ്പറഞ്ഞു. പക്ഷേ പിനോഷ്യോ അതു കേട്ട ഭാവമേ കാണിച്ചില്ല. അപ്പോഴാണ് പിനോഷ്യോയിക്കു ചെവിയുണ്ടാക്കിയില്ലല്ലോ എന്നു ഗെപ്പേറോ ഓർമ്മിച്ചത്. ചെവി ഇല്ലാതെ അത് എങ്ങനെയാണ് കേൾക്കുന്നത്. ഗെപ്പേറോ വേഗത്തിൽ ഉളി കയ്യിലെടുത്തു രണ്ടു ചെവികളും ഉണ്ടാക്കി.

കാൽ ഒഴിച്ചു ശേഷം ഭാഗം എല്ലാം അപ്പോഴേക്കു തീർന്നിരുന്നു. കാൽ ഉണ്ടാക്കാൻ തുടങ്ങി. അവ തീർന്നപ്പോൾ പിനോഷ്യോ ഗെപ്പേറോയെ തൊഴിക്കാൻ തുടങ്ങി.

"നിർത്തുക, നിർത്തുക" എന്നു ഗെപ്പേറോ ദേഷ്യപ്പെട്ടു പറഞ്ഞു. ഒരു കണക്കിൽ അവനെ അടക്കി നിർത്തി. പക്ഷേ ആ പാവയ്ക്കു നടക്കാൻ അറിയാൻ പാടില്ലായിരുന്നു. ഗെപ്പേറോ കാണിച്ചുകൊടുക്കുന്നതുവരെ അവൻ നടക്കാൻ പഠിച്ചില്ല.

നടക്കാൻ പഠിച്ചുകഴിഞ്ഞപ്പോൾ പിനോഷ്യോ ആ മുറിയുടെ ചുറ്റും ഓടാൻ തുടങ്ങി. കുറേക്കഴിഞ്ഞു മുറിയിൽനിന്നു വെളിയിൽ ചാടി നിരത്തിൽക്കൂടി ഓടി. ഗെപ്പേറോ വിഷമിച്ചു. തനിക്കു ദൈവഗത്യാ ലഭിച്ച അത്ഭുതകരമായ പാവ ഇത്ര



വേഗത്തിൽ നഷ്ടപ്പെട്ടുപോകുമല്ലോ എന്നു ഭയപ്പെട്ടു ഗെപ്പേറോ അതിന്റെ പുറകേ ഓടി. പക്ഷേ പിനോക്ക്യോ അതിവേഗത്തിൽ ഓടിയതുകൊണ്ട് ഗെപ്പേറോയിക്ക് അവന്റെ കൂടെ എത്തുവാൻ കഴിഞ്ഞില്ല.

ഓടിപ്പോകുന്ന തടിപ്പാവയെ കണ്ടവരൊക്കെ ചിരിച്ചു. അവന്റെ നീണ്ട മൂക്കുംകൊണ്ട് അതിവേഗത്തിൽ തെരുവിൽകൂടി ഓടുന്നതും അവന്റെ പുറകെ ഗെപ്പേറോ ഓടുന്നതും കണ്ടാൽ ആരാണ് ചിരിക്കാതിരിക്കുക. പിനോക്ക്യോ ആ ഗ്രാമം ചുററി ഓടി. ഒടുവിൽ വീട്ടിലേക്കു തന്നെ മടങ്ങി എത്തി. വീട്ടിൽ എത്തിയപ്പോഴേക്ക് അവനും ക്ഷീണിച്ചുപോയി. ഉടൻതന്നെ വിശ്രമിക്കാൻ കട്ടിലിൽ കയറി കിടപ്പായി.

അപ്പോൾ പിനോക്ക്യോ ഒരു ചെറിയ ചിച്ചീ—ചി—ച്ചീ എന്ന ശബ്ദം കേട്ടു. ആ വീട്ടിൽ ഒരു നൂറു വർഷക്കാലമായി ജീവിച്ചിരുന്ന ഒരു പൂച്ചിയുടെ ശബ്ദമായിരുന്നു അത്. പിനോക്ക്യോ തല പൊക്കി അതു ശ്രദ്ധിച്ചു.

“കുസൃതിക്കുട്ടന്മാർ, ആരായിരുന്നാലും അവർ വീട്ടിൽനിന്ന് ഓടിപ്പോയാൽ ആപത്തിൽ അകപ്പെടാതിരിക്കയില്ല” എന്നായിരുന്നു പൂച്ചി പറഞ്ഞത്. പിനോക്ക്യോ ഇതു കേട്ടു ചിരിച്ച്, ഇങ്ങനെ അവൻ മറുപടി പറഞ്ഞു.

“എന്നിട്ടു ഞാൻ യാതൊരാപത്തും കൂടാതെ തിരിച്ചെത്തിയല്ലോ. നീ എന്നോടു പ്രസംഗിക്കേണ്ടാ. നീ പറഞ്ഞാൽ ഞാൻ ഒന്നും കേൾക്കുകയില്ല. ഞാൻ ചിരിച്ചു കളിച്ചു നടന്നു എനിക്കിഷ്ടമുള്ളതൊക്കെ ചെയ്യാനാണ് ഞാൻ തീർച്ചയാക്കിയിരിക്കുന്നത്.”

പൂച്ചി ഇതു കേട്ട് ഒന്നു നെടുവീർപ്പിട്ടു. “നീ തീർച്ചയായും ഗെപ്പേറോയെ സങ്കടത്തിലാക്കും. നിന്റെ അവസാനം ജയിലിലോ തൂക്കുമരത്തിലോ ആയിരിക്കും.” എന്നു പൂച്ചി തുടർന്നു പറഞ്ഞു.

“പൂച്ചീ, നിനക്കെന്താ ഇത്ര ചാട്ടം” എന്നു പറഞ്ഞുകൊണ്ട് ദേഷ്യത്തോടുകൂടി പിനോക്ക്യോ ഒരു കൊട്ടുവടി എടുത്ത് ആ പൂച്ചിയെ അവിടെവെച്ചു തല്ലിക്കൊന്നു.

ഗെപ്പേറോ അപ്പോൾ വീട്ടിൽ മടങ്ങി എത്തിയിട്ടില്ലായിരുന്നു. അതുകൊണ്ട് ആ വീട്ടിൽ പിനോക്ക്യോ തനിച്ചായി. അവൻ ഭയപ്പെട്ടു വിറച്ചു ചുററും നോക്കി. സൂര്യൻ അസ്തമിച്ചു. എല്ലായിടത്തും ഇരുട്ടായി. ഭയപ്പെട്ടു പിനോക്ക്യോ വീടിനു വെളിയിൽ വീണ്ടും ചാടി. ഓടി, ഓടി, അവൻ ഒരു വലിയ കെട്ടിടത്തിന്റെ പടിവാതുക്കൽ എത്തി. അതിന്റെ അകത്തു നല്ല പ്രകാശം കണ്ടു് അവൻ അതിന്റെ അകത്തേക്കു കയറി. ‘പാവ നാടകശാല’ എന്ന് അതിന്റെ വാതില്ക്കൽ എഴു

തിവെച്ചിരുന്നു. എനിക്കീ നാടകം ഒന്നു കാണണം എന്നു പിനോഷ്യോ വിചാരിച്ചു. അവൻ ആളുകൾ ഇരിക്കുന്നിടത്തേക്കു ചെന്നു. അവനെ കണ്ടപ്പോൾ ആളുകളൊക്കെ ചിരിക്കാൻ തുടങ്ങി.

നാടകശാലയുടെ മാനേജർ, കാണികൾ അയാളുടെ പാവകളി നോക്കാത്തതിന്റെ കാരണം എന്താണെന്നറിയാൻ വന്നു. അയാൾ പിനോഷ്യോയെ കണ്ടു പിടികൂടി ദേഷ്യപ്പെട്ടു.

"എന്റെ കാണികളുടെ ശ്രദ്ധയെ തടയുന്നതിനു നിനക്കെങ്ങനെ ധൈര്യം വന്നു? ഇവിടെ വരിക" എന്നു പറഞ്ഞുകൊണ്ട് അയാൾ പിനോഷ്യോയെ പിടികൂടി. അവനെ ഒരു അടുപ്പിന്റെ മുകളിൽ പിടിച്ചിരുത്തി. പാവം, പിനോഷ്യോ, അവൻ ചൂടുപിടിച്ചു വിഷമിച്ചു. അവൻ കരഞ്ഞു നിലവിളിച്ചു. മാനേജർ ദയാലുവായ ഒരു മനുഷ്യനായിരുന്നു. അയാൾക്കു പിനോഷ്യോയോടു ദയ തോന്നി അവനെ ഇറക്കിവിട്ടു. അവനെ ആശ്വസിപ്പിച്ച് അവനു അഞ്ചു ചെറിയ പൊൻപണം സമ്മാനവും കൊടുത്തു വീട്ടിലേക്കു മടക്കി അയച്ചു.

പിനോഷ്യോയ്ക്കു സന്തോഷമായി. "ഞാൻ ഇപ്പോൾ ഒരു ധനികൻ തന്നെ. അഞ്ചു പൊൻപണം കയ്യിലുള്ളവരായി വേറെ ആരെങ്കിലും ഉണ്ടെന്നു തോന്നുന്നില്ല. അവൻ പണവും കീശയിലിട്ടുകൊണ്ടു നടന്നു. അപ്പോൾ ആ വഴി തന്നെ പോയ ഒരു കുറുക്കനും ഒരു പൂച്ചയും അവൻ പണത്തിന്റെ കാര്യം പറയുന്നതു കേട്ടു. അവർ സ്നേഹഭാവത്തോടുകൂടി അവന്റെ അടുത്തുകൂടി. പോയ വഴിക്ക് ഒരു കാപ്പിക്കട ഉണ്ടായിരുന്നു. കുറുക്കനും പൂച്ചയും പിനോഷ്യയെ കാപ്പിക്കടയിലേക്കു ക്ഷണിച്ചു. അവർ മൂന്നുപേരും കാപ്പിക്കടയിൽനിന്നു വേണ്ടുവോളം പലഹാരങ്ങൾ തിന്നു, കാപ്പിയും കുടിച്ചു. പക്ഷേ പിനോഷ്യോ കാണാതെ കുറുക്കനും പൂച്ചയും അവിടെനിന്നു ഇറങ്ങിപ്പോയി. കാപ്പിക്കടക്കാരൻ അവർ മൂന്നുപേരുടെയും പണം പിനോഷ്യോയോടു ചോദിച്ചു. അവൻ ഒരു പൊൻപണം അവിടെ കൊടുക്കേണ്ടി വന്നു.

നാലു പണവുംകൊണ്ട് വീട്ടിലേക്കു നടന്നു. വഴിയുടെ അടുത്തു ഒരു കാടുണ്ടായിരുന്നു. അവിടെ വന്നപ്പോൾ പിനോഷ്യയുടെ ഭയം വർദ്ധിച്ചു. അവൻ പതുങ്ങി, പതുങ്ങി നടന്നു. പെട്ടെന്നു രണ്ടു കള്ളന്മാർ പിനോഷ്യയെ പിടികൂടി, "നിന്റെ പണം ഞങ്ങൾക്കു തരാതെ ഞങ്ങൾ നിന്നെ വിടുകയില്ല" എന്നു അവർ പറഞ്ഞു. പിനോഷ്യോ അവന്റെ പണം എടുത്തു വായിൽ ഇട്ടു. ഇതു കണ്ടു കള്ളന്മാർ ഉറക്കെ ചിരിച്ചു.

"നിനക്കു ഞങ്ങളെ കളിപ്പിക്കാൻ ഒക്കുകയില്ല. നീ മരിക്കുന്നതുവരെ നിന്നെ ഈ വൃക്ഷത്തിൽ തൂക്കിയിടും. എന്നിട്ടു നിന്റെ വായിൽനിന്നു പണം ഞങ്ങളെടുക്കും" എന്ന് അവർ പറഞ്ഞു.

അവർ ഒരു കയറെടുത്ത് അവന്റെ കഴുത്തിൽ കെട്ടി, അവനെ ഒരു മരത്തിന്റെ കൊമ്പിൽ കെട്ടിത്തൂക്കി. പക്ഷേ അവൻ ചാകുന്നതിനു മുൻപ് ഏതാനും ബാല്യക്കാർ അവിടെ വന്നുകൂടി. ഗെപ്പേറോയിക്കു പിനോഷ്യയെ ഉണ്ടാക്കാൻ തടി കാണിച്ചു കൊടുത്ത വനദേവത അയച്ച ആളുകളായിരുന്നു അവർ. അവരെ കണ്ടപ്പോൾ കള്ളന്മാർ ഓടിക്കളഞ്ഞു. അപ്പോൾ ആ മനോഹരിയായ വനദേവതയും അവിടെ പ്രത്യക്ഷയായി. അവർ പിനോഷ്യയെ അഴിച്ചുവിട്ടു, അവനു ഒരു മരുന്നു കൊടുത്തു. അപ്പോൾ അവനു ഒരുവിധം സുഖം തോന്നി, എഴുന്നേറ്റുനിന്നു സംസാരിക്കാൻ തുടങ്ങി. അവൻ ഉണ്ടായതിൽ പിന്നെ അവനുണ്ടായ അനുഭവം എല്ലാം പറഞ്ഞുകേൾപ്പിച്ചു.

"നിന്റെ പണം എവിടെ?" എന്നു വനദേവത ചോദിച്ചു.

"എന്റെ പണം കളഞ്ഞുപോയെന്നാണ് തോന്നുന്നത്" എന്നു പറഞ്ഞുകൊ

ണ്ടു് അവൻ കീശയിൽ കയ്യിട്ടു പരിശോധിച്ചു. പിനോക്ക്യോ ഇങ്ങനെ പറഞ്ഞുതീൎന്നപ്പോൾ അവന്റെ മൂക്കിനു് എന്തോ മാററം വരുന്നതായി അവനു തോന്നി. തപ്പിനോക്കിയപ്പോൾ മൂക്കിനു മുന്നിഞ്ചോളം നീളം കൂടിയതായി കണ്ടു.

“എവിടെയാണു് കളഞ്ഞതു്? എവിടെ നിന്നെങ്കിലും അതു നോക്കി എടുക്കണമല്ലോ” എന്നു വനദേവത വീണ്ടും പറഞ്ഞു.


“കാട്ടിൽ എവിടെയോ കളഞ്ഞുപോയതായിരിക്കണം” എന്നു അവൻ മറുപടി പറഞ്ഞുതീൎന്നപ്പോൾ അവന്റെ മൂക്കിന്റെ നീളം കുറച്ചുകൂടി കൂടി.

“ഇല്ല, അതു കാട്ടിൽ പോയതല്ല. എന്റെ വായിൽ ഇട്ടിരിക്കയായിരുന്നു. മരുന്നു കുടിച്ചപ്പോൾ വിഴുങ്ങിപ്പോയതായിരിക്കും.” ഇങ്ങനെ പറഞ്ഞുകഴിഞ്ഞപ്പോൾ മൂക്കിന്റെ നീളം കുറേക്കൂടി കൂടി.

മൂക്കിന്റെ നീളം ഇത്ര അധികം കൂടിയതുകൊണ്ടു പിനോക്ക്യോ വളരെ വിഷമിച്ചു. അവൻ അങ്ങോട്ടും ഇങ്ങോട്ടും തിരിയുമ്പോൾ അതു എന്തിന്മേലെങ്കിലും മുട്ടും, അവനു വേദനയാകും. അവൻ കരയുവാൻ തുടങ്ങി. പക്ഷേ അവൻ കരയുന്തോറും ആ വനദേവത ചിരിച്ചതേയുള്ളു. ചിരിച്ചു ചിരിച്ചു് അവർ കണ്ണുനീർ വാൎത്തു.

“പിനോക്ക്യോ, നിനക്കിതറിയാൻ പാടില്ലേ? ഏതു കള്ളവും നിന്റെ മൂക്കിന്റെ മാതിരി തെളിഞ്ഞു കാണാവുന്നതാണു്. ഒരിക്കലും കളവു മറയ്ക്കാൻ സാധിക്കയില്ല. നിന്റെ വായിൽ ഇപ്പോഴും ആ പണം കിടപ്പുണ്ടെന്നു എനിക്കറിയാൻ പാടില്ലയോ?” എന്നു ആ വനദേവത അവനോടു ചോദിച്ചു.

പിനോക്ക്യയെ ഒരു നല്ലപാഠം പഠിപ്പിക്കണമെന്നു വിചാരിച്ചു ആ വനദേവത കുറച്ചധികം നേരത്തേക്കു അവനെ കഷ്ടപ്പെടുത്തി. ഒടുവിൽ അവന്റെ തെററു ക്ഷമിക്കണമെന്നു അവൻ കേണപേക്ഷിച്ചു. അവനു തലവേദനയും തലകറക്കവും വന്നു. കള്ളം പറഞ്ഞുപോയതുകൊണ്ടു അവന്നു് അതിയായ സങ്കടമുണ്ടായി.



ഒടുവിൽ വനദേവത പറഞ്ഞു, “ആട്ടെ, ഈ പ്രാവശ്യം ഞാൻ നിന്നോടു ക്ഷമിക്കാം. പക്ഷേ ഇനി കള്ളം പറയാതിരിക്കാൻ പ്രത്യേകം സൂക്ഷിക്കണം. കളവു, കളവുതന്നെയാണെന്നു എല്ലാവരും മനസ്സിലാക്കും.”

ആ സ്ത്രീ അവിടെ നിന്നുകൊണ്ടു കൈകൊട്ടി. അപ്പോൾ അനേകം മരംകൊത്തി അവിടെ പറന്നെത്തി. അവ പിനോക്ക്യോയുടെ മൂക്കിൽ ഇരുന്നു, കൊത്തിക്കൊത്തി, മൂക്കു ചെറുതാക്കി. ഗെപ്പേറേറാ ആ

ദ്യം ആഗ്രഹിച്ചവിധം മനോഹരമായ ഒരു ചെറിയ മൂക്കായി തീൎന്നു.

മരങ്കൊത്തിയുടെ കൊത്തുകൊണ്ടു പിനോക്കിയ്യോ അതിയായ വേദന സഹിച്ചു. പക്ഷെ അവൻ ഒട്ടും കരഞ്ഞില്ല. അവന്റെ ന്യായമായ ശിക്ഷയാണെന്നു കരുതി ധൈൎയ്യത്തോടെ അവൻ അതു സഹിച്ചു.

"ഇതു നന്നായി, നീ ധൈൎയ്യമുള്ളവൻ തന്നെ. നി ഒട്ടും കരഞ്ഞില്ലല്ലോ. ഞാൻ നിന്നെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. എന്റെകൂടെ വന്നു എന്റെ ഇളയ സഹോദരനായിരിക്കാൻ നിനക്കു് ആഗ്രഹമുണ്ടോ?" എന്നു വനദേവത ചോദിച്ചു.

"എല്ലാററിനേക്കാളും ആ ജീവിതമാണ് എനിക്കു പ്രിയം. പക്ഷെ എന്റെ പാവപ്പെട്ട അച്ഛന്റെ കാൎയ്യം എങ്ങനെയാണ്? അദ്ദേഹത്തിനുകൂടി നമ്മുടെകൂടെ വന്നു പാൎക്കാൻ സാധിക്കുമോ?" എന്നു പിനോക്കിയ്യോ ചോദിച്ചു.

"നിന്റെ പിതാവിനെ നേരത്തെ തന്നെ ഞാൻ ക്ഷണിച്ചിട്ടുണ്ടു്. അദ്ദേഹം ഇപ്പോൾ തന്നെ നമ്മുടെ കൂടെ വരും" എന്നു ആ സുമനോഹരയായ സ്ത്രീ പറഞ്ഞു.

അങ്ങനെ അവർ മൂന്നുപേരും കൂടി സുഖമായി വനത്തിൽ ജീവിച്ചു.

ഈ കഥ മുമ്പു ബാലമിത്രത്തിൽ പ്രസിദ്ധംചെയ്തിട്ടുള്ളതാണ്. ഇപ്പോൾ അതിന്റെകൂടെ ചേരേണ്ട ചില ചിത്രങ്ങൾകൂടി കിട്ടിയതുകൊണ്ടു വീണ്ടും ചേൎക്കുന്നു. നല്ല കഥകൾ എത്ര തവണ കേട്ടാലും നമുക്കു മതിയാകയില്ലല്ലോ. പത്രാധിപർ.

ഏതാനും കണക്കു ചോദ്യങ്ങൾ


(1) ഒരു രാജാവിനു 1000 പടയാളികൾ ഉണ്ടായിരുന്നു. അവൎക്കു സമ്മാനം കൊടുക്കുവാൻ നിശ്ചയിച്ചു. വന്നവൎക്കു 6 പണം വീതം സമ്മാനം കൊടുക്കുവാനും, വരാത്തവൎക്കു 10 പണം വീതം പ്രായശ്ചിത്തവും നിശ്ചയിച്ചു. രണ്ടു തുകയും ഒരുപോലെ ഇരുന്നാൽ വരാത്തവർ എത്ര? വന്നവർ എത്ര?

(2) മൂന്നു കുട്ടികൾ 10, 25, 30 നാരങ്ങാ വീതം മൂന്നു കടകളിലായി വില്ക്കുന്നു. വിലയിൽ മൂന്നു കടകളിലും വ്യത്യാസമുണ്ടായിരുന്നു. വിററപ്പോൾ എല്ലാവൎക്കും തുക ഒരുപോലെയാണ്. ഓരോ കടയിലും എന്തു വിലയ്ക്കു വിററു?

(3) ഒരു ചക്രത്തിന് 5 പുകയിലയോ, 25 പാക്കോ, 100 വെററിലയോ കിട്ടും. ഒരു ചക്രത്തിന് എല്ലാം ഒരുപോലെ വാങ്ങിക്കണമെങ്കിൽ എത്ര വീതം വാങ്ങി എന്നു കാണുക?

(4) ഒരു മുട്ടക്കച്ചവടക്കാരൻ ഒരു കാപ്പിക്കടയിൽ കാപ്പി കുടിക്കുവാൻ കയറി. കുറച്ചു സമയം കഴിഞ്ഞപ്പോൾ കാപ്പിക്കടക്കാരൻ വെളിയിലേക്കു ഇറങ്ങി വന്നു. അപ്പോൾ വാതുക്കൽ ഇരുന്ന മുട്ട കാലുകൊണ്ടു തട്ടി ഉടഞ്ഞുപോയി. കച്ചവടക്കാരനോടു കാപ്പിക്കടക്കാരൻ ഒരു മുട്ടയുടെ വില എന്താണ് എന്നു ചോദിച്ചപ്പോൾ, മുക്കാൽ ചക്രം ആണ് വില എന്നു കച്ചവടക്കാരൻ ഉത്തരം കൊടുത്തു. "എത്ര മുട്ടയുണ്ടു്?" എന്നു കാപ്പിക്കടക്കാരൻ ചോദിച്ചു. കച്ചവടക്കാരൻ പറഞ്ഞു "മുട്ടയുടെ എണ്ണത്തെ രണ്ടുകൊണ്ടു ഹരിച്ചാൽ ശിഷ്ടം ഒന്ന്. മൂന്നുകൊണ്ടു ഹരിച്ചാൽ ശിഷ്ടം രണ്ടു്. നാലുകൊണ്ടു ഹരിച്ചാൽ ശിഷ്ടം മൂന്ന്. അഞ്ചുകൊണ്ടു ഹരിച്ചാൽ ശിഷ്ടം നാല്. ആറുകൊണ്ടു ഹരിച്ചാൽ ശിഷ്ടം അഞ്ച്. ഏഴുകൊണ്ടു ഹരിച്ചാൽ ശിഷ്ടം ഇല്ല." സംഖ്യ ഏതു്? വില എത്ര?

(5) 1, 1, 2, 2, 3, 3, 4, 4, 4, 5, 6, 7, 8, 9, 10, 11. ഇവയെ ഒരു സമചതുരം വരച്ച് അതിനെ 16 കളമായി തിരിച്ച് അവയിൽ എഴുതുക. എങ്ങോട്ടു കൂട്ടിയാലും ഒരുപോലെ സംഖ്യ വരണം.



ഇതാണ് ചതുരം

K. Alexander Philipose,

Postal Reg. No. 1786. Reg. No. T. 17.



Printed and Published by C. V. Matthew at the C. M. S. Press, Kottayam